# തൃപ്പാദ സവിധേ 50 വർഷങ്ങൾ



ബഹു. ഗബ്രിയേൽ തൈക്കടവിൽ O.I.C.
അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി

# സ്മരണിക

www.malankaralibrary.com

# തൃപ്പാദ സവിധേ 50 വർഷങ്ങൾ



ബഹു. ഗബ്രിയേൽ തൈക്കടവിൽ ഒ.ഐ.സി.
അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി

# സ്മരണിക

www.malankaralibrary.com

## താളുകൾ മറിക്കുമ്പോൾ


**എഡിറ്റോറിയൽ** 09
ഫാ. വർഗീസ് വിജയാനന്ദ് ഒ.ഐ.സി.

**വന്ദനഗാനം** 10
ഒ.സി. മദനൻ ഉള്ളിപ്പുറം

**ഗബ്രിയേലച്ചൻഎന്റെ ഓർമ്മയിൽ** 11
പ്രൊഫ. കെ. കോശി തൈകടവിൽ

**സ്നേഹം മമദീപം** 15
പാലോട് രവി, എം.എൽ.എ.

**മാനവസേവയാം ദൈവസേവനം** 17
കെ.ജി. സുദാസ് (ഡെപ്യൂട്ടി ഡയറക്ടർ, ഖാദിബോർഡ് (Ret.))

**മംഗളങ്ങൾ നേരുന്നു** 19
സിസ്റ്റർ മേരി മാത്യു ഡി.എം.

**നിതാന്തവന്ദ്യ ദിവ്യശ്രീ ഗബ്രിയേൽ അച്ചൻ** 22
പൂവത്തൂർ ഭാർഗ്ഗവൻ

**ഞാൻ കണ്ടറിഞ്ഞ ബഹു. ഗബ്രിയേലച്ചൻ** 25
സിസ്റ്റർ അനുഗ്രഹ ഡി.എസ്.എസ്.

**സ്നേഹത്തിന്റെ ജൂബിലി** 28
ജീന. ആർ., പഴകുറ്റി

**ഓർമ്മ** 31
ബി.ഒ. ചിത്രസേനൻ

**മദ്യപാനം മൃത്യുപാനം** 32
നെടുമങ്ങാട് അനിൽകുമാർ

**സ്വയംതൊഴിൽ സംരംഭകർക്ക് തൃപ്പാദം ഒരു വഴികാട്ടി** 34
വേങ്കവിള സുരേഷ്
(പ്രസിഡന്റ് നവഭാവന ഗ്രന്ഥശാല & സാംസ്കാരിക സമിതി)

**തൃപ്പാദം തുടർവിദ്യാകേന്ദ്രം** 36
ആർ. ശുഭമണി പ്രേരക്

**അശരണരുടെ ഗബ്രിയേലച്ചൻ** 38
കെ. സോമശേഖരൻ നായർ Ex. MLA

**പരിത്രാണായ സാധൂനാം** 40
പ്രൊഫസർ ജോസഫ് കൈമാപറമ്പൻ

**Father Gabriel - A true father for all** 43
Br. Tom

**തൃപ്പാദവും ഫാദർ ഗബ്രിയേലും** 44
കെ.വി. സുരേന്ദ്രനാഥ് (Ex. M.P., തിരുവനന്തപുരം)


www.malankaralibrary.com

**Mitraniketan**

മിത്രനികേതൻ

मित्रनिकेतन

MITRANIKETAN P O, VELLANAD 695 543
THIRUVANANTHAPURAM, KERALA, INDIA.
PHONE: 0472 882045 (O),882015 (R)
MITRANIKETAN CITY CENTRE
WEST FORT THIRUVANANTHAPURAM-8
PHONE. 0471-451564
FAX- 0091.471.333612.333614
0472-882015
web address: www. keralangos. net/mitraniketan.
E-mail : kvmitra@satyam.net in

**Non Governmental Organisation for Action Studies, Research, Innovation, Training and Extension in Community Development, Environment, Science, Education and Appropriate Technology.**

**K. VISWANATHAN**
DIRECTOR



# ആശംസ

ദീനരുടെ ബന്ധുവും സുഹൃത്തുമെന്ന നിലയിൽ ജീവിതകാലം മുഴുവൻ സാധാരണരുടെ ഉന്നമനത്തിനുവേണ്ടി മാറ്റിവച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗബ്രിയേൽ അച്ചനെന്നു പരക്കെ അറിയപ്പെടുന്ന നമ്മുടെ പ്രിയങ്കരനായ റവറന്റ് ഫാദർ ഗബ്രിയേലിന് പട്ടംകിട്ടിയിട്ട് ഇന്നു അൻപതു സംവത്സരം തികയുകയാണ്. ഈ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നെടുമങ്ങാട്ടെ പൗരാവലിയുടെയും നാമോരോരുത്തരുടേയും എല്ലാവിധ ഭാവുകങ്ങളും ആയുരാരോഗ്യവും നേരുന്നു.

സർവ്വാദരവോടെ,

സുഹൃത്തുക്കൾക്കുവേണ്ടി,

**കെ.വിശ്വനാഥൻ**

ഡയറക്ടർ, മിത്രാനികേതൻ

20-02-2001

**Registered under Travancore Cochin Literary Scientific and Charitable Societies Registration Act XII of 1955, as 11 of 1967. Donations may be paid in favour of Mitraniketan through Syndicate Bank, Vellanad A/C No. 1545, SBT Poovachal A/C No 9743 and Overseas remittance through State Bank of India, (C & I Division) A/C No. 67 (FCRA No. 052910003.)**

www.malankaralibrary.com

# DAUGHTERS OF MARY

Maria Bhavan, Kudappanakunnu P.O.
Thiruvananthapuram - 695 043
Tel : 0471-437453


“കർത്താവിന് ശുശ്രൂഷ ചെയ്യാനും
പുരോഹിത ധർമ്മം അനുഷ്ഠിക്കാനും,
അവിടുത്തെ നാമത്തിൽ
തന്റെ ജനത്തെ ആശീർവദിക്കാനും വേണ്ടി”

അഭിഷിക്തനായി

“ദൈവത്തിന്റെയും മനുഷ്യരുടേയും
പ്രീതിക്ക് പാത്രമായി,
ജനത്തിന് സസുമ്മതനായി”
(പ്രഭാഷകൻ 45)

പൗരോഹിത്യത്തിന്റെ ത്യാഗോജ്ജ്വലമായ 50 വർഷങ്ങൾ പൂർത്തിയാക്കിയ തൃപ്പാദത്തിലെ സ്നേഹനിധിയായ ഞങ്ങളുടെ ഗബ്രിയേലച്ചന് സുവർണ്ണ ജൂബിലിയുടെ ഒരായിരം മംഗളങ്ങൾ!

“കർത്താവ് അച്ചന്റെ ഹൃദയാഭിലാഷങ്ങൾ സാധിച്ചുതരട്ടെ. ഉദ്യമങ്ങൾ സഫലമാക്കട്ടെ.”
(സങ്കീർത്തനം 20)

ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**Generalate of the Daughters of Mary**
Maria Bhavan, Kudappanakkunnu

www.malankaralibrary.com



## സന്ദേശം

നമുക്കേവർക്കും ഏറ്റം ആദരണീയനും പ്രിയങ്കരനുമായ ബഹു. ഗബ്രിയേൽ OIC അച്ചൻ പൗരോഹിത്യജീവിതത്തിന്റെ അമ്പതാം വർഷം പൂർത്തിയാക്കുന്ന ഈ സന്തോഷാവസരത്തിൽ അദ്ദേഹത്തിനു എല്ലാവിധ ഭാവുകങ്ങളും നന്മകളും ഞാൻ നേരുന്നു.

ബഹു. ഗബ്രിയേലച്ചന്റെ കഴിഞ്ഞ അമ്പതുവർഷത്തെ വൈദികജീവിതത്തിൽ ഉടനീളം നാം കാണുന്നത് അദ്ദേഹത്തിന്റെ അചഞ്ചലമായ ദൈവസ്നേഹവും, ആദ്ധ്യാത്മിക ചൈതന്യവും, പാവപ്പെട്ടവരോടുള്ള സഹാനുഭൂതിയുമെല്ലാമാണ്. ഒരു വൈദികനെന്ന നിലയിൽ അദ്ദേഹത്തിന്റെ എളിയ ജീവിതം സഹവൈദികർക്കു മാത്രമല്ല, എല്ലാവർക്കും ഉത്തമമാതൃകയും പ്രചോദനവും നൽകിക്കൊണ്ടിരിക്കുകയാണ്. ബഹു. ഗബ്രിയേലച്ചന്റെ ജീവിതമാതൃകയും മാർഗ്ഗനിർദ്ദേശങ്ങളും എന്റെ വൈദിക പരിശീലനകാലത്തും തുടർന്നും എന്നെ വളരെയേറെ സ്വാധീനിക്കുകയുണ്ടായിട്ടുണ്ട്.

കഴിഞ്ഞ അമ്പതുവർഷത്തെ വൈദിക ജീവിതം ഏറ്റം അനുഗ്രഹകരവും ഫലപ്രദവുമാക്കുവാൻ ദൈവം ബഹു. ഗബ്രിയേലച്ചന് ഭാഗ്യം നൽകി. അദ്ദേഹത്തോടൊപ്പം ഞാനും ദൈവത്തിനു നന്ദിപറയുന്നു. ദൈവം അദ്ദേഹത്തിനു ദീർഘായുസ്സും എല്ലാ ആത്മീയ ദാനങ്ങളും നൽകി അനുഗ്രഹിക്കുവാൻ ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

+ Mar Baselios

Most. Rev. Dr. Cyril Mar Baselias
Metropolitan Acrhbishop of Trivandrum

www.malankaralibrary.com



പ്രിയ ബഹുമാനപ്പെട്ട ഗബ്രിയേൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്നുവെന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്. ബഥനി ആശ്രമ അംഗം, മലങ്കരയുടെ അഭിമാനം-പൗരോഹിത്യ ശുശ്രൂഷയ്ക്കു വേണ്ട ഒരുക്കം നടത്തിയത് തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിലാണ്. ത്രിമൂർത്തികൾ എന്ന് അന്ന് അറിയപ്പെട്ടിരുന്ന വുഡൻ ബിഷപ്പുമാരായിരുന്നു പീറ്റർ, യാക്കോബ്, ഗബ്രിയേൽ എന്നീ ആശ്രമസ്ഥർ. അവർ സെമിനാരി വിദ്യാർത്ഥികൾക്കും ഗുരുഭൂതന്മാർക്കും ഒരു പോലെ പ്രിയങ്കരരായിരുന്നു. ഭാരത ശൈലി ജീവിതക്രമങ്ങളിൽ അഭംഗുരം കാത്തുകൊണ്ട് അനേകായിരങ്ങൾക്ക് ശുശ്രൂഷാ പൗരോഹിത്യത്തിലൂടെ സേവനം ചെയ്യുവാനുള്ള ഭാഗ്യം ബഹു. ഗബ്രിയേൽ അച്ചനു ലഭിച്ചു. പാവങ്ങളോടും അവഗണിക്കപ്പെട്ടവരോടും അസീസിയിലെ ഫ്രാൻസീസ്സിനെപ്പോലെ യേശുവിന്റെ മനോഭാവം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു കഴിയുന്നു. അദ്ദേഹത്തിന്റെ ജീവിതയൗവനം നിലനിർത്തുവാൻ കഴിയുന്നത് മറ്റുള്ളവരെ അംഗീകരിക്കുന്നതിലും അവർക്കുവേണ്ടി അവരുടെ മോചനത്തിനും വികസനത്തിനും വേണ്ടി അർപ്പിത ജീവിതം നയിക്കുന്നതിലുമാണ്. "തൃപ്പാദം" ടാഗോറിന്റെ ശാന്തിനികേതൻ പോലെ ശാന്തിയുടെയും സ്നേഹത്തോടുകൂടിയുള്ള സേവനത്തിന്റെയും പ്രാർത്ഥനയുടെയും അദ്ധ്വാനത്തിന്റെയും കേന്ദ്രമാണ്. ബഹു. ഗബ്രിയേൽ അച്ചന്റെ പൗരോഹിത്യ കനക ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ സർവ്വശക്തന് കൃതജ്ഞതാബലിയും ഈ ലോകത്തിലൂടെ സഭയ്ക്കും സമൂഹത്തിനും സംഭാവന നൽകിയ തൈക്കടവിൽ വന്ദ്യമാതാപിതാക്കളുടെ അനുസ്മരണയും നിർവ്വഹിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ധന്യമായ ആ കുടുംബം സഭയ്ക്കും സമൂഹത്തിനും നല്കിയ സംഭാവനകൾ ഏറ്റം ശ്ലാഘനീയമാണ്. അതിൽ ഏറ്റം ശ്രേഷ്ഠമായി ഫാ. ഗബ്രിയേൽ നിലകൊള്ളുന്നു. അദ്ദേഹത്തിന് ആയുരാരോഗ്യവും അനുഗ്രങ്ങളും സർവ്വശക്തൻ, നിത്യപുരോഹിതൻ നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ,

+ Mar Ignatios


**മോസ്റ്റ് റവ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

തിരുവനന്തപുരം സഹായമെത്രാൻ

www.malankaralibrary.com

# ORDER OF THE IMITATION OF CHRIST
# BETHANY ASHRAM GENERALATE

**Vadavathoor P.O., Kottayam - 686 010, Kerala, India**
**0481/578494, 571515, Fax. 571057**



*Fr. George Thomas OIC*
*(Superior General)*

Rev. Fr. Varghese Vijayanand Tharakanveedu, OIC
TRIPPADAM, Pazhakutty
Nedumangadu

1st March 2001

Dear Rev. Father,

I am very glad to know that Rev. Fr. Gabriel, OIC is celebrating his Sacerdotal golden Jubilee and you are releasing a souvenir to commemorate this golden occasion.

As a Bethanian Priest for the last 50 years Fr. Gabriesl's life is inseparably related to TRIPPADAM, the centre for help and service to the poor and the destitutes. TRIPPADAM is a concrete realization of the great monastic vision of Mar Ivanios, to do service to the poor and the marginalized in the society, following the life-style of the Indian-Christian Sannayasa which is characterized by an atmosphere of prayer, fraternity beyond caste and creed and above all Sannyasa simplicity lived in its entire dimensions. Fr. Gabriel has dedicated his whole life to this noble cause and became one with it. That is the uniqueness of his priestly life in these years.

On this graceful occasion I extend to Gabreilachen my hearty congratulations and prayerful best wishes. May God give him more strength to continue this mission for many more years. Ad multos annos.

Yours lovingly in Our Lord,

Fr. George Thomas OIC

**Fr. George Thomas Kallunkal, OIC**
Superior General

**www.malankaralibrary.com**

# ORDER OF THE IMITATION OF CHRIST
# BETHANY NAVAJEEVAN PROVINCE

BETHANY NAVAJEEVAN PROVINCE, PROVINCIAL ASHRAM,
NALANCHIRA, TRIVANDRUM–695 015, KERALA, INDIA.
Phone: 0091–471–543799 (P), 530052
E-mail: bnavajeevan@usa.net

*Fr. Thomas Reji Padinjattemelethil O.I.C.*
PROVINCIAL SUPERIOR


പ്രിയ ബഹു. ഗബ്രിയേൽ തൈക്കടവിൽ ഒ.ഐ.സി. അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഒരു സ്മരണിക പ്രകാശനം ചെയ്യുന്നുവെന്നറിയുന്നതിൽ അതിയായ സന്തോഷം ഉണ്ട്.

ബഥാന്യൻ ലാളിത്യത്തിന്റെ പ്രതീകവും ബഥനിയുടെ അഭിമാനവുമായ ബഹു. ഗബ്രിയേലച്ചൻ ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ചിട്ട് അൻപത് വർഷങ്ങൾ തികയുകയാണ്. ഈ കാലയളവിൽ അച്ചനിലൂടെ സഭയ്ക്കും സമൂഹത്തിനും സർവ്വശക്തൻ ചൊരിഞ്ഞ കൃപയ്ക്ക് നന്ദി പറയുകയാണ്. അതിനൊപ്പം വന്ദ്യ ഗബ്രിയേലച്ചന് പ്രാർത്ഥനയും മംഗളങ്ങളും നേരുന്നു.

കഴിഞ്ഞ അൻപതു വർഷത്തെ പൗരോഹിത്യ ജീവിതത്തിൽ ബഹു. അച്ചൻ ദൈവജനത്തിന് നൽകിയ സേവനം പ്രശംസാർഹമാണ്. പൂനാ ബഥനി പഠന ഗൃഹത്തിന്റെ ആദ്യത്തെ റെക്ടർ ആയും ബഥനി സമൂഹത്തിന്റെ കൗൺസിലർ ജനറലായും, വിവിധ ആശ്രമങ്ങളുടെ അദ്ധ്യക്ഷനായും, നെടുമങ്ങാട് ബഥനി മിഷനിൽ സുപ്പീരിയർ ആയിരുന്നുകൊണ്ടും ബഹു. അച്ചൻ സഭയെയും സമൂഹത്തെയും ശുശ്രൂഷിച്ചു. അതിലെല്ലാം ഉപരിയായി നെടുമങ്ങാട് പ്രദേശത്തെ തിരസ്കരിക്കപ്പെട്ടവരിലും, ദരിദ്രരിലും പീഡിതരിലും, യേശുവിന്റെ സ്നേഹം പകർന്നു കൊടുക്കുവാനായി "തൃപ്പാദ"ത്തിലൂടെ അച്ചൻ ശ്രമിക്കുകായാണ്. പ്രവർത്തനവും പ്രാർത്ഥനയും ഐക്യപ്പെടുത്തി ബഥാന്യൻ ലാളിത്യത്തിന്റെ നിറവിൽ "തൃപ്പാദ"ത്തിലൂടെ അച്ചൻ ശുശ്രൂഷ ചെയ്യുകയാണ്. ബഹു. അച്ചന്റെ പ്രവർത്തനങ്ങൾക്ക് ബഥനി നവജീവൻ പ്രൊവിൻസിന്റെ എല്ലാ ഭാവുകങ്ങളും സഹായങ്ങളും നേരുന്നു. അതോടൊപ്പം അച്ചനെ സഭയ്ക്ക് നൽകിയ വന്ദ്യമാതാപിതാക്കന്മാരെയും തൈക്കടവിൽ കുടുംബാംഗങ്ങളെയും യേശുവിന്റെ സന്നിധിയിൽ സമർപ്പിക്കുന്നു.

ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കട്ടെ,


*Fr. Thomas Reji O.I.C.*

**ഫാ. തോമസ് റെജി ഒ.ഐ.സി.**
(പ്രൊവിൻഷ്യൽ സുപ്പീരിയർ)

www.malankaralibrary.com



ബഹു. അച്ചന്റെ മാതാപിതാക്കൾ



www.malankaralibrary.com



പൂനാ ബഥനി പഠന ഗൃഹത്തിലെ പ്രഥമ റെക്ടർ അച്ചൻ. ആദ്യ ബാച്ചിലെ വൈദിക വിദ്യാർത്ഥികളുമൊത്ത്



തൃപ്പാദത്തിന്റെ തുടക്കക്കാരൻ വന്ദ്യ ഗബ്രിയേലച്ചൻ 1968-70 കളിൽ



തൃപ്പാദം ബഥനി ആശ്രമത്തിന്റെ തുടക്കം



യുവജനങ്ങളെ കൈ പിടിച്ചുയർത്തുവാൻ, കലാരംഗങ്ങളിൽ അവരെ വളർത്താൻ - ആർട്ട്സ് ക്ലബ്ബ്





തുടക്കം മുതൽ ഇന്നും തുടർന്നു പോകുന്ന സായാഹ്നങ്ങളിലെ ഫ്രീ ട്യൂഷൻ ക്ലാസുകൾ

www.malankaralibrary.com



കർമ്മ നിരതനായ ഞങ്ങളുടെ വല്ല്യച്ചൻ



തുടക്കം മുതലുള്ള
സഹയാത്രികർ
ശ്രീ. ചന്ദ്രശേഖരൻ നായർ Ex. MLA
O.C. ജോൺ സാർ



ഒരേ മനസ്സും... ഒരേ പ്രവർത്തനവും...
തൃപ്പാദത്തിന്റെ തുടക്കം മുതൽ
ഗബ്രിയേലച്ചനോടൊപ്പം
പ്രവർത്തിക്കുകയും
സഹായിക്കുകയും ചെയ്യുന്ന
ബ്രദർ ടോം



ജൂബിലി ആഘോഷ കമ്മറ്റി അംഗങ്ങൾ

www.malankaralibrary.com







നാടിനും നാട്ടാർക്കും സുഗന്ധം പകർന്നുകൊണ്ട്
തൃപ്പാദം അഗർബത്തി യൂണിറ്റ്



[illegible] ഊടും പാവും [illegible]...
തൃപ്പാദം കൈത്തറി യൂണിറ്റ്







മനസിനിണങ്ങും നിറചാരത്തുകൾ..... ഞങ്ങളുടെ ജീവിതത്തിന്
നിറമേകുന്നു.... തൃപ്പാദം ഹാൻഡി ക്രാഫ്റ്റ് യൂണിറ്റ്



രോഗികൾക്കാശ്വാസമായി... തൃപ്പാദം ക്ലിനിക്

www.malankaralibrary.com







വല്ല്യച്ചന്റെ പ്രിയ മക്കൾ
സമൂഹം തള്ളികളഞ്ഞ
മണിമുത്തുകൾ:
തൃപ്പാദ സദനത്തിലെ
അന്തേവാസികൾ
ബഹു. വല്ല്യച്ചനോടൊപ്പം





www.malankaralibrary.com



നാം എല്ലാം ഒരു കുടുംബത്തിലെ അംഗങ്ങൾ
തന്റെ അടുക്കൽ വരുന്ന എല്ലാവരെയും
സമഭാവനയോടെ ദർശിക്കുന്ന വല്ല്യച്ചന്റെ
പുഞ്ചിരിതൂകുന്ന മുഖം.









www.malankaralibrary.com


# EDITORIAL

തൃപ്പാദം എന്നാളും എന്നഭയം
മുപ്പാരിൻ നാഥനാം തമ്പുരാനെ,
ഈ പാപി കേഴുന്നു കുമ്പിടുന്നു
മാപ്പേകി കാക്കണേ നിൻ സവിധേ
തൃപ്പാദ സേവയാണെന്റെ ധർമ്മം
തൃപ്പാദ കാന്തിയാണെന്റെ ദീപം
തൃപ്പാദ മുദ്രയാണെന്റെ മാർഗ്ഗം
തൃപ്പാദ സന്നിധി എന്റെ സ്വർഗ്ഗം.

തൃപ്പാദ സവിധേ 50 വർഷങ്ങൾ പൂർത്തിയാക്കുന്ന പെരിയ ബഹു. ഗബ്രിയേൽ തൈക്കടവിൽ ഒ.ഐ.സി. അച്ചന് പൗരോഹിത്യ സുവർണ്ണജൂബിലിയുടെ മംഗള ങ്ങൾ നേരുന്നു. പൗരോഹിത്യ സമർപ്പണത്തിന്റെ അൻപതു വർഷങ്ങൾ ! അതിൽ മുപ്പതു വർഷങ്ങൾ നെടുമങ്ങാട് പ്രദേശത്തെ, സകലരാലും ഉപേ ക്ഷിക്കപ്പെട്ട ദരിദ്രജനങ്ങളോട് ചേർന്ന് യേശുവിന് സാക്ഷ്യം നൽകുക !! ബഹു. അച്ചന്റെ ജീവിതത്തിലെ അതുല്യനിമിഷങ്ങളെ ഓർത്ത് ദൈവത്തിന് നന്ദി പറയുന്നു. സൂര്യതേജസിന് മുൻപിൽ മറ്റ് പ്രകാശങ്ങൾ നിഷ്പ്രഭമാകുന്നു. ബഹു. അച്ചന്റെ സേവന ജീവിതത്തിന് മുമ്പിൽ ഈ സ്മരണികയിലെ വാക്കു കൾ നിഷ്പ്രഭങ്ങളാണ്. എന്നിരുന്നാലും ബഹു. അച്ചന്റെ പ്രവർത്തനങ്ങളെ സേവന നിസ്തുല ജീവിതത്തെ മറ്റനേകരിൽ എത്തിക്കുക ഈ കാലഘട്ട ത്തിന്റെ ആവശ്യമാണ്. ആയതിനാൽ ഇപ്രകാരമുള്ള ഒരു ഉദ്യമത്തിന് ഞങ്ങൾ തയ്യാറാകുന്നു. ഈ സംരംഭത്തിൽ ഞങ്ങളെ സഹായിച്ച ഓരോരുത്തരേയും ആശംസകൾ, ലേഖനങ്ങൾ ഇവ വഴി ഞങ്ങളെ അനുഗ്രഹിച്ച മഹത് വ്യക്തി കളെയും നന്ദിയോടെ ഓർക്കുന്നു. തെരുവോരങ്ങളിലും ആശുപത്രികളിലും പൊതുസ്ഥലങ്ങളിലും സർവ്വരാലും ഉപേക്ഷിക്കപ്പെട്ട അനേകർക്ക് ആശ്വാ സവും പുതുജീവനും നൽകിയത് ബഹു. ഗബ്രിയേലച്ചന്റെ പൗരോഹിത്യ സമർപ്പണത്തിന്റെ സ്നേഹ രശ്മികളാണ്. അച്ചനിലൂടെ ഇനിയും നീണ്ട വർഷ ങ്ങൾ ദൈവത്തിന്റെ പ്രവർത്തനങ്ങൾ ഈ പ്രദേശത്ത് നിറഞ്ഞ് ഒഴുകട്ടെയെന്ന് പ്രാർത്ഥിക്കുന്നതൊടൊപ്പം തൃപ്പാദത്തിലെ ഋഷിവര്യന്, ആചാര്യന് ഈ സ്മര ണിക ഞാൻ സമർപ്പിക്കുന്നു.

**ഫാ. വർഗീസ് വിജയാനന്ദ് O.I.C.**

www.malankaralibrary.com



# വന്ദനഗാനം

ഒ.സി. മദനൻ ഉള്ളിപ്പുറം

തൃപ്പാദ സേവയ്ക്കായെപ്പോഴും നിൽക്കുന്ന
ഗബ്രിയേലച്ചനെ കൈതൊഴുന്നേൻ
കൽമഷമില്ലാതെ കർമ്മങ്ങൾ ചെയ്യുന്ന
കൈവല്ല്യ ശീലനെ കൈ തൊഴുന്നേൻ
ആഗതർക്കാനന്ദവാരിധിയായൊരീ-
സ്നേഹസ്വരൂപനെ കൈതൊഴുന്നേൻ
ലോകർക്കു നന്മകൾ ചെയ്യാനുഴലുന്നോ-
രാശ്രമവാസിയെ കൈതൊഴുന്നേൻ
തൃപ്പാദമെന്നൊരീപുണ്യാശ്രമത്തിലെ
സന്യാസിവര്യനെ കൈതൊഴുന്നേൻ
നീട്ടിവളർത്തിയ താടിയുംമീശയും
നീണ്ടുമെലിഞ്ഞോരുടലുമായി
കാവിയിൽമുക്കിയ കുപ്പായം ചാർത്തിച്ചു
കാരുണ്യപുണ്യമാം രൂപമേകി
സ്വർഗ്ഗത്തിൽനിന്നും പറഞ്ഞയച്ചെത്തിയ
സ്വർഗ്ഗീയദൂതനെ കൈതൊഴുന്നേൻ
ഈശോമ്ശിഹായും അമ്മമറിയവും
ഉണ്മയിൽ കാക്കുന്നൊരാശ്രമത്തിൽ
തിന്മകൾ തീണ്ടാതെ നന്മകൾ ചെയ്യുന്ന
നന്മനിറഞ്ഞോനെ കൈതൊഴുന്നേൻ
കർമ്മഫലങ്ങളിൽ കാംക്ഷയില്ലാത്തൊരീ
കർമ്മനിരതനെ കൈതൊഴുന്നേൻ
ഞങ്ങൾക്കനുഗ്രഹമെന്നെന്നുമേകുന്ന
ഗബ്രിയേലച്ചനെ കൈതൊഴുന്നേൻ
അർദ്ധശതാബ്ദം പുരോഹിതസേവനം
നിസ്വാർത്ഥമായങ്ങു ചെയ്യുകയാൽ
തൃപ്പാദംതന്നിൽ സമർപ്പിപ്പൂ ഞങ്ങളീ
പുഷ്പോപഹാരം നിറമധുരം.



www.malankaralibrary.com

# ഗബ്രിയേലച്ചൻ
## എന്റെ ഓർമ്മയിൽ

**പ്രൊഫ. കെ. കോശി തൈകടവിൽ**

ഒരു മനുഷ്യ ജീവിതത്തിൽ അമ്പതുകൊല്ലം ഒരു ദീർഘകാലഘട്ടമാണ്. ഈ അമ്പതു കൊല്ലം കർമ്മനിരതനായ ഒരു വൈദികസന്യാസിയായി തൃപ്പാദത്തിൽ സകലവും സമർപ്പിച്ചു കൊണ്ട് ഒരു അർപ്പണജീവിതം നയിക്കുക അനന്തമായ ദൈവകൃപയിൽ മാത്രമേ സാധ്യമാകുകയുള്ളൂ. ഇങ്ങനെ ദൈവത്തിന്റെ ഒരു ഉപകരണമായി ദൈവമഹത്വത്തിനായി സാധുക്കളും, അശരണരും, രോഗികളുമായ സഹോദരങ്ങൾക്കു വേണ്ടി ഈ ദീർഘകാലം പ്രവർത്തിച്ച ബഹു. ഗബ്രിയേലച്ചൻ വളരെ ചാരിതാർത്ഥ്യത്തോടെയാണ് അദ്ദേഹത്തിന്റെ ഈ വൈദിക സുവർണ്ണ ജൂബിലിയിൽ നിന്നു കൊണ്ട് തിരിഞ്ഞു നോക്കുന്നത് "നാഥാ നിന്നുടെ ദാനങ്ങൾക്കെല്ലാം പകരമതായ് എന്തങ്ങേയ്ക്കായ് നൽകീടും ഞാൻ നിൻഹിതമതുപോൽ" എന്നാലപിച്ചുകൊണ്ട് അദ്ദേഹം ഈ ജൂബിലി സ്മരണകൾ അയവിറക്കുകയാണ്. ഈ സന്ദർഭത്തിൽ എന്റെ ഓർമ്മകൾ അദ്ദേഹം വൈദികനാകുന്നതിനുമുമ്പുള്ള കാലഘട്ടത്തിലേക്ക് മറിഞ്ഞു പോകുകയാണ്.

1924-ാംമാണ്ട് മാർച്ച് മാസം 22-ാം തീയതി ആണ് അദ്ദേഹത്തിന്റെ ജനനം. ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനിയാണ് അച്ചനെ മാമോദീസ മുക്കിയത്. അന്ന് തിരുമേനി ബഥനി സന്യാസ സഭയിലെ ആബോ ഗീവർഗീസ് പണിക്കർ ആയിരുന്നു. തിരുമേനിയുമായി എന്റെ അപ്പച്ചന് വളരെ അടുത്ത സ്നേഹബന്ധവുമുണ്ടായിരുന്നു. തിരുമേനി Serampore College-ൽ പഠിപ്പിക്കുമ്പോൾ എന്റെ അപ്പച്ചൻ കൽക്കത്തയിൽ പഠിക്കുയായിരുന്നു. ഒന്നിച്ചു വരികയും പോകുകയും, അങ്ങനെ ഒരു ഗുരുശിഷ്യ ബന്ധം രൂഢമൂലമായി. പിൽക്കാലത്ത് അപ്പച്ചന്റെ മൂത്ത സഹോദരിയെ തിരുമേനിയുടെ അനിയൻ മത്തായി പണിക്കർ വിവാഹം ചെയ്തു. അതോടെ ഗുരുശിഷ്യ ബന്ധത്തിനപ്പുറം കുടുംബ ബന്ധുവും അതിലേറെ വ്യക്തിപരമായ സ്നേഹ ബന്ധവും വളർന്നു. അക്കാലങ്ങളിൽ വൈദികരും മേൽപ്പട്ടക്കാരും, പ്രത്യേകക്ഷണം കൂടാതെ തന്നെ വീടുകൾ സന്ദർശിക്കുകയും ജനങ്ങളുമായി കൂടുതൽ ഇടപഴകുകയും ചെയ്തിരുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ആബോ



www.malankaralibrary.com

ഗീവർഗീസ് പണിക്കരെകൊണ്ട് (മാർ ഈവാനിയോസ് തിരുമേനി) തന്റെ രണ്ടാമത്തെ പുത്രന് (ബഹു. ഗബ്രിയേൽ അച്ചന്) മാമോദീസ നൽകണം എന്ന് അപ്പച്ചൻ ആഗ്രഹിച്ചു. അങ്ങിനെ അന്ന് മാമോദീസാ കഴിഞ്ഞ് കുഞ്ഞിനെ കൈയ്യിൽ എടുത്തുകൊണ്ട് "ഇവനെ എനിക്ക് തന്നേക്കണം" എന്ന് തിരുമേനി അപ്പച്ചനോട് പറഞ്ഞു. പിന്നീട് "ഇവന് വീട്ടിൽ വല്ല പേരുമിട്ടോ?" എന്ന് തിരുമേനി ചോദിച്ചു. അന്നുവരെ പ്രത്യേകമായി ഒരു പേര് ഇട്ടിട്ടില്ലായിരുന്നു. അപ്പോൾ തിരുമേനി "എന്നാൽ ഞാൻ ഇവനു പേരിടാം" എന്നു പറഞ്ഞ്" ജോയി എന്നു പേരിട്ടു.

അഭിവന്ദ്യതിരുമേനിയുടെ ആഗ്രഹപ്രകാരം ജോയിയെ ഒരു വൈദികൻ ആക്കണം എന്ന് അപ്പച്ചൻ വളരെ ആഗ്രഹിക്കുകയും അതിനുവേണ്ട പ്രോത്സാഹനവും പരിശീലനവും നൽകുകയും ചെയ്തിരുന്നു. എന്റെ അമ്മയുടെ കുടുംബം പരമ്പരാഗതമായി, അനേകം വൈദികരുള്ള കുടുംബമായിരുന്നതുകൊണ്ട്, വൈദികരോട് പ്രത്യേകമായ സ്നേഹവും ബഹുമാനവും ഉള്ള ഒരു പശ്ചാത്തലമാണ് ഞങ്ങൾക്കുണ്ടായിരുന്നത്. പ്രസിദ്ധമായ നിരണം പള്ളിയുടെ വികാരിയെന്ന നിലയിൽ മട്ടയ്ക്കൽ കുടുംബത്തിലെ നാലു തലമുറ വൈദികർ യാക്കോബായ സഭയിലെ ജനങ്ങളുടെ ഇടയിൽ വളരെ ഏറെ അംഗീകാരം നേടിയിരുന്നു. ഇങ്ങനെയുള്ള ഒരു വൈദീക പാരമ്പര്യവും അഭിവന്ദ്യ തിരുമേനിയുടെ കല്പനയും അപ്പച്ചന്റെ പ്രോത്സാഹനവും പരിശീലനവും എല്ലാം ജോയിച്ചായനെ ചെറുപ്പം മുതൽ ദൈവശുശ്രൂഷയിൽ തൽപരനാക്കി.

1931-ൽ അപ്പച്ചൻ കുടുംബസമേതം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. അതിനുശേഷം അപ്പച്ചൻ സ്വന്തമായി വളർത്തിയെടുത്ത ഭക്ത്യഭ്യാസങ്ങളും പ്രാർത്ഥനാജീവിതവും വി.കുർബ്ബാനയോടുള്ള പ്രത്യേക ഭക്തിയും ജോയിച്ചായനേയും ഞങ്ങളെ എല്ലാവരെയും സ്വാധീനിച്ചു. വൈദീക ജീവിതത്തോട് കൂടുതൽ ആസക്തി ഉണ്ടാകുവാൻ ഇതും കാരണമായി. കൊച്ചിലേ മുതൽ ഒരു വൈദികന്റെ വേഷം പോലെ ഒരു പുതപ്പ് കുപ്പായമാക്കി "ഞാൻ മെത്രാച്ചനാ എന്റെ കൈമുത്ത്" എന്നു പറഞ്ഞ് നടന്നതു മുതൽ വൈദികജീവിതത്തിലേക്ക് പ്രത്യേകമായി ആകർഷിക്കപ്പെട്ട ഒരു കുഞ്ഞായി എല്ലാവരും കരുതിയിരുന്നു. ചെറുപ്പം മുതൽ പ്രാർത്ഥനയിലും ദേവാലയ ശുശ്രൂഷയിലും കാണിച്ചിരുന്ന അതീവ താൽപര്യം ശ്രദ്ധേയമായിരുന്നു. എല്ലാ ദിവസവും സന്ധ്യക്ക് പ്രാർത്ഥനയ്ക്ക് എല്ലാവരേയും വിളിച്ചുകൂട്ടുന്നതിൽ ജോയിച്ചായൻ കാണിച്ചിരുന്ന ശുഷ്കാന്തി അപ്പച്ചന് വളരെ സന്തോഷകരമായിരുന്നു. 1942-ൽ ബെഥനി ആശ്രമത്തിൽച്ചേരുന്നതുവരെ മദ്ബഹായിൽ ശുശ്രൂഷകനായി മുടങ്ങാതെ പോയിരുന്നു.

S.S.L.C. കഴിഞ്ഞ് കോളേജിൽ പോകുന്നതിനെക്കുറിച്ച് ആലോചിച്ചപ്പോൾ ഉടനെ ആശ്രമത്തിൽച്ചേരണം എന്ന് ഒരു ആഗ്രഹം ജോയിച്ചായൻ പ്രകടിപ്പിച്ചു. ബി.എ. പാസായിട്ട് ആശ്രമത്തിൽ അയക്കണമെന്നായിരുന്നു അപ്പച്ചന്റെ ആഗ്രഹം എന്നാൽ ഉടൻ തന്നെ ആശ്രമത്തിൽച്ചേരണം എന്ന ആഗ്രഹം പ്രകടിപ്പിച്ചതുകൊണ്ട് അപ്പച്ചൻ നിർബന്ധിച്ചില്ല. സന്യാസ ജീവിതം തന്നെയാണ് തെരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നത് എന്നു പറഞ്ഞ് ബഥനി ആശ്രമ



www.malankaralibrary.com

ത്തിൽ ചേരാൻ തീരുമാനിച്ചു. അങ്ങനെ 1942–ൽ തിരുവല്ലായിലെ ബഥനി ആശ്രമത്തിൽ ചേർന്നു. ഇത്ര ചെറുപ്പത്തിലേ വീടുവിട്ട് ആശ്രമത്തിൽ പോകുന്നതിൽ അപ്പച്ചനും അമ്മച്ചിക്കും ഞങ്ങൾക്കെല്ലാം ഉണ്ടായ മാനസിക വിഷമം കൊണ്ട്, എല്ലാ ആഴ്ചയിലും ഞങ്ങളിൽ ആരെങ്കിലും തിരുവല്ലാ ആശ്രമത്തിൽ ചെന്ന് ജോയിച്ചായനെ കാണുമായിരുന്നു. കാലങ്ങൾ പിന്നെ അങ്ങിനെ നീങ്ങി. ജോയിച്ചായൻ വൈദികപഠനത്തിനായി ത്രിശ്ശിനാപ്പള്ളിയിൽ പോയി. ഞങ്ങളുമെല്ലാം പഠിക്കാനായി പല സ്ഥലങ്ങളിലേക്കു പോയി.

ദീർഘമായ വൈദികപഠനത്തിനുശേഷം 1951–ൽ മാർച്ചു മാസം 5–ാം തീയതി ജോയിച്ചായൻ ബഹു. ഗബ്രിയേൽ അച്ചനായി. മാർ ഈവാനിയോസ് തിരുമേനിയാണ് ഗബ്രിയേൽ എന്ന പേര് അച്ചന് കൊടുത്തത്. വൈദികനായതിനുശേഷമുള്ള കഴിഞ്ഞ അമ്പതു കൊല്ലത്തെ സംഭവബഹുലമായ ജീവിതകഥ കുറേയേറെ മാനസിക സംഘട്ടനങ്ങളുടെയും കഠിനാധ്വാനത്തിന്റെയും നേട്ടങ്ങളുടെയും സേവനത്തിന്റെയും ത്യാഗസുരഭിലമായ നീണ്ട പട്ടികയാണ്. വൈദിക വൃത്തിയിൽ ത്യാഗവും സഹനവും കർത്താവിനുവേണ്ടി അവയെല്ലാം സമർപ്പിക്കുകയും ചെയ്യേണ്ടത് വൈദികജീവിതത്തിന്റെ പരിപൂർണ്ണതയ്ക്ക് ആവശ്യമാണെന്ന് അപ്പച്ചൻ പലപ്പോഴും ഗബ്രിയേൽ അച്ചനെ ഓർമിപ്പിക്കാറുണ്ടായിരുന്നു. "അച്ചൻ സുഖിച്ച് സന്തോഷിച്ചു നടക്കുന്നത് കാണാനല്ല കഷ്ടതകളിലും ദുരിതങ്ങളിലും ദൈവമഹത്വത്തിനായി പ്രവർത്തിക്കുന്നത് കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്." എന്നു അപ്പച്ചൻ പറയാറുണ്ടായിരുന്നു. എതിൽപ്പുകളുടേയും ഭയാശങ്കകളുടെയും നടുവിൽ ഉലയാതെ നിൽക്കാൻ അച്ചന് പ്രേരണ നൽകിയത്. ഈ ഉപദേശങ്ങളും ആഴമായ ദൈവാശ്രയവും, ദരിദ്രരും പീഢിതരും ദുഃഖിതരുമായ ജനങ്ങൾക്കുവേണ്ടി തന്നാൽ ആവുന്നതെല്ലാം ചെയ്യണമെന്ന അടങ്ങാത്ത ആവേശവുമായിരുന്നു.

അദ്ദേഹത്തിന്റെ ഈ വക പ്രവർത്തനങ്ങളുടെ ആദ്യകാലത്ത് അനുഭവിക്കേണ്ടിവന്ന ദുരിതങ്ങൾ കണ്ട് അദ്ദേഹത്തിന്റെ ചില സ്നേഹിതർ ഇങ്ങനെ ഉപദേശിച്ചിട്ടുണ്ട്, "അച്ചന് ഏതെങ്കിലും ഒരാശ്രമത്തിൽ സ്വസ്ഥമായി ഇരുന്നുകൂടെ എന്തിന് ഈ ദുഃഖങ്ങളും ദുരിതങ്ങളും. പക്ഷേ അചഞ്ചലനായി അക്ഷോഭ്യനായി താൻ തെരഞ്ഞെടുത്ത പാതയിലൂടെ തന്നെ, തൃപ്പാദത്തിൽ സകലവും സമർപ്പിച്ച് അദ്ദേഹം മുന്നോട്ടു നീങ്ങി. കാലക്രമേണ പൊതുജന സഹകരണവും പ്രോത്സാഹനവും അധികാരികളുടെ ആശീർവാദവും നിർലോഭമായി ലഭിച്ചു. രാഷ്ട്രീയത്തിനും വർഗ്ഗത്തിനും മതത്തിനും എല്ലാം അതീതമായി അദ്ദേഹത്തിന്റെ കർമ്മനിരതമായ ത്യാഗസമ്പന്നമായ പ്രവർത്തനങ്ങൾ അംഗീകരിക്കപ്പെടുന്നു. എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങൾക്ക് ആശ്വാസവും സന്തോഷവും നൽകികൊണ്ട് ഇന്ന് തൃപ്പാദം സകലർക്കും ഒരു അത്താണിയാണ്.

ഇന്ന് കഠിനമായ പ്രയത്നങ്ങളിലൂടെ അനന്തമായ ദൈവകൃപയിലും പരിപാലനയിലും തനിക്ക് ചെയ്യാൻ സാധിച്ച എല്ലാ നേട്ടങ്ങളേയും കുറിച്ച് ദൈവത്തിന് സ്തുതി പറഞ്ഞുകൊണ്ട് അദ്ദേഹത്തിന് അഭിമാനിക്കാം. ഒരു വലിയ



www.malankaralibrary.com

പ്രസ്ഥാനം തന്നെ ഒരു ചെറിയ ഗ്രാമത്തിൽ കെട്ടി പടുക്കുവാൻ ചെയ്ത അക്ഷീണമായ പ്രവർത്തനങ്ങളെകുറിച്ച് ഇന്നു സന്തോഷത്തോടെ അനുസ്മരിക്കാം. അദ്ദേഹത്തിന്റെ പ്രവർത്തനത്തിന് നിർലോഭമായ സഹകരണവും പ്രോത്സാഹനവും നൽകിയ അനേകം നല്ല മനുഷ്യരെ അദ്ദേഹം, നന്ദിയോടെ സ്മരിക്കുന്നുണ്ടാകണം. അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് തിരുമേനി സുപ്പീരിയർ ജനറലായിരുന്നപ്പോഴും മെത്രാപ്പൊലീത്താ ആയതിനുശേഷവും നൽകിയതും നൽകുന്നതുമായ ശക്തമായ പിൻതുണയെ ബഹു. അച്ചൻ പലപ്പോഴും സൂചിപ്പിക്കാറുണ്ട്. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയും നൽകുന്ന നിർലോഭമായ സഹകരണത്തേയും പ്രോത്സാഹനത്തേയും അദ്ദേഹം സ്മരിക്കാറുണ്ട്. സർവശക്തനായ ദൈവം ജോയി എന്ന കുട്ടിയെ അനേകർക്കു ജോയി നൽകാൻ ദൈവത്തിന്റെ ഒരു ഉപകരണമാക്കിയതിന് ദൈവത്തെ സ്തുതിക്കുകയും ബഹു. ഗബ്രിയേലച്ചന് (ജോയിച്ചായന്) ആയുരാരോഗ്യത്തിന് വേണ്ടി പ്രാർത്ഥിക്കുകയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിജയകരവും ജനോപകാരപ്രദവും ആയിത്തീരട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.



Sacerdotal Golden Jubilee
Greetings & Prayerful Wishes

To

**Rev. Fr. Gabriel Thaikadavil OIC**

*Principal Staff & Students*

**INFANT JESUS ENGLISH SCHOOL**

Kuravankonam



www.malankaralibrary.com

# സ്നേഹം മമദീപം



പാലോട് രവി, MLA

നമുക്കെല്ലാം സുപരിചിനായ ഗബ്രിയേൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി 2001 മാർച്ച് 10-നാണ്. ഈ പ്രദേശത്തെ സാധുക്കളായ ജനങ്ങൾക്കുമുമ്പിൽ അവരുടെ ദുരിതങ്ങളേറ്റുവാങ്ങുന്ന പുരോഹിതൻ. രോഗികൾക്കുമുമ്പിലും വിശക്കുന്നവർക്കുമുമ്പിലും ഉറവവറ്റാത്ത കനിവിന്റെ ആൾരൂപമാണ് ഗബ്രിയേൽ അച്ചൻ.

പലവിധത്തിലുള്ള ജനസേവന പ്രവർത്തനങ്ങൾ നാം ദിവസേന കാണുന്നു. പലവിധത്തിൽ അതിൽ ഭാഗഭാക്കുകളാകുന്നു. തിരക്കേറിയ ഇന്നത്തെ ജീവിതചര്യയിൽ വഴിയിൽ വീഴുന്നവരെ ഒന്നു തിരിഞ്ഞു നോക്കാതെ പായുകയാണ് മനുഷ്യൻ. കൂടുതൽ പേരും തൻകാര്യക്കാരായി മാറുന്ന കാഴ്ചയാണ് എവിടെയും. ജീവിതം വെട്ടിപ്പിടിക്കാനുള്ള വ്യഗ്രതകൾക്കിടയിൽ മനുഷ്യബന്ധത്തിനു വില കല്പിക്കാതെ പായുകയാണവർ. അയൽക്കാരന്റെ ദുഃഖം തന്റെ ദുഃഖമായി ക്കാണുവാൻ പുരോഗമനവാദിയായി ഭാവിക്കുന്ന മനുഷ്യൻ മറക്കുന്നു. ജാതിയും മതവും മൃഗീയഭാവമുണർത്തി മനുഷ്യമനസ്സിൽ പിടിമുറുക്കുന്നു. ഗുജറാത്തിലെ ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട് നിരാലംബരായിത്തീർന്ന പതിനായിരങ്ങളുടെയും വാർത്തകൾ നിസംഗരായി നോക്കിക്കാണുവാൻ അവർക്കാവുന്നു. അധികാരം എതിരാളികൾക്കുമേലുള്ള കൈയ്യേറ്റത്തിനുള്ള ലൈസൻസായി പുരോഗമനവാദികൾ പോലും കാണുന്നു. സ്നേഹം, പരസ്പര ബഹുമാനം, പരസ്പരസഹായം, അനുകമ്പ ഇവയൊക്കെ ആധുനികലോകത്ത് വിലയില്ലാത്ത വസ്തുക്കളായി മാറുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ജാതിയും മതവും ഒന്നുമില്ലെന്ന് മദർതെരേസ കാട്ടിത്തന്നു. അവരുടെ വേർപാടിൽ ലോകം സ്തബ്ധമായി നിന്നു. ജാതിമതഭേദമന്യേ ജനങ്ങൾ കണ്ണീർ വാർത്തു. അവരെപ്പോലെ അറിയപ്പെടന്നവരും അല്ലാത്തവരുമായ എത്രയോപേർ ജീവകാരുണ്യ പ്രവർത്തനത്തിലൂടെ ദൈവത്തിന്റെ പ്രതിരൂപമായി മാറുന്നുണ്ട്. കുഷ്ഠരോഗികളുടെയും തെരുവിൽ അലയുന്നവരുടെയും അഴുക്കുകൾ അവരുടെ ശുഭ്രവസ്ത്രത്തിന്റെ വെണ്മ കുറയ്ക്കുന്നില്ല. ജാതിക്കും മതത്തിനും



www.malankaralibrary.com

രാഷ്ട്രീയത്തിനും വേണ്ടി പടവെട്ടി ജീവിതം ഹോമിക്കുന്നവർ എന്തുനേടി? കാലത്തിന്റെ കുത്തൊഴുക്കിൽ മറവിയുടെ കാണാക്കയങ്ങളിലേയ്ക്ക് അവരുടെ ഓർമ്മകൾ കൂപ്പുകുത്തുന്നു.

അന്യരെ സഹായിക്കുന്ന കരങ്ങൾ പ്രാർത്ഥിക്കുന്ന ചുണ്ടുകളെക്കാൾ പവിത്രമാണെന്ന സന്ദേശം ജീവിതത്തിൽ പകർത്തിയ ദയാലുവാണ് ഗബ്രിയേൽ അച്ചൻ. മതം മനുഷ്യനെ ഈശ്വരനിലേയ്ക്ക് അടുപ്പിക്കാനുള്ള മാർഗ്ഗമാകണം. നെടുമങ്ങാട്ടെ സാധുജനങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന അദ്ദേഹം താൻ ചെയ്യുന്ന ഓരോ സഹായത്തിലും ദൈവികമായ ആനന്ദം അനുഭവിക്കുന്നു. കർമ്മനിരതവും പ്രവർത്തോനോത്സുകവുമായ ജീവിതമാണ് അദ്ദേഹത്തിന്റേത്. ത്യാഗപൂർണ്ണമായ ആ പ്രവർത്തനങ്ങൾക്കു മുമ്പിൽ ജാതിയും മതവും അസ്തമിക്കുന്നു. സാർവ്വലൗകികമായ സാഹോദര്യത്തിന്റെ പ്രതിരൂപമായി മാറാൻ ഗബ്രിയേൽ അച്ചനുകഴിഞ്ഞു. ഈ ജീവിതം മുഴുവൻ പൊതുജനങ്ങൾക്കുവേണ്ടി അദ്ദേഹം അർപ്പണം ചെയ്തു. അദ്ദേഹത്തിന്റെ അകൃത്രിമമായ ആ ജീവിതചര്യ ആദരവോടെ നോക്കിക്കാണുവാനാണ് ഈ നാട്ടുകാർ "എനിക്കു വിശന്നു, നീ ഭക്ഷണം തന്നു, എനിക്കു ദാഹിച്ചു നീ കുടിക്കാൻ തന്നു" – എന്ന ബൈബിൾ വചനം ഗബ്രിയേൽ അച്ചൻ പ്രവൃത്തിയിലൂടെ അന്വർത്ഥമാക്കുന്നു. അന്യന്റെ വേദനയുടെ ആഴം അറിയാനുള്ള മനസ്സിന്റെ ഉടമയാണ് അദ്ദേഹം. ദീനാനുകമ്പയും ദയാശീലവും കൈമുതലായുള്ള ഗബ്രിയേൽ അച്ചൻ ജീവിതത്തിന്റെ പുണ്യതീർത്ഥമാണ് സ്നേഹമെന്ന് നമ്മെ പഠിപ്പിക്കുന്നു. പ്രാർത്ഥനാ നിർഭരമായ ഒരു ഹൃദയത്തിനുമാത്രമേ നിസ്വാർത്ഥസേവനം അനുഷ്ഠിക്കാൻ കഴിയൂ എന്നും മനുഷ്യസ്നേഹമില്ലാത്ത ഈശ്വരഭക്തി പൊള്ളയാണെന്നും ആ ജീവിതം കാട്ടിത്തരുന്നു. ആത്മീയശക്തിയെ ജനനന്മയ്ക്കായി വിനിയോഗിക്കാൻ അദ്ദേഹം തയ്യാറായി. ദൈവത്തെ സ്നേഹിക്കുന്നവർക്കു സകലതും നന്മയ്ക്കായി വ്യാപരിക്കുന്നുവെന്ന് അദ്ദേഹം തെളിയിച്ചു. ത്യാഗത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഒരു ജീവിതക്രമം രൂപപ്പെടുത്താനും അതിനായി തന്റെ ജന്മം വിനിയോഗിക്കാനും അച്ചനുകഴിഞ്ഞു. ഒന്നിനെയും വിധിച്ച കറ്റാതെ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന സഹനത്തിന്റെ പ്രതിരൂപമായ ഗാന്ധിജിയുടെ ആദർശം സ്വജീവിതത്തിൽ പകർത്തിയ ഗാന്ധിയനാണ് ഗബ്രിയേൽ അച്ചൻ.

ജീവിതമൂല്യം കുടികൊള്ളുന്നത്
എത്രനാൾ ജീവിച്ചുവെന്നതിലല്ല;
എങ്ങനെ ജീവിച്ചുവെന്നതിലാണ്.
ഒരാൾ ഒരായുസ്സു മുഴുവൻ ജീവിച്ചാലും
ഒട്ടുമേ ജീവിച്ചില്ലെന്നുവരാം

പ്രസിദ്ധമായ ഈ വരികളുടെ മൂല്യം ഗബ്രിയേലച്ചൻ അച്ചന്റെ ജീവിതത്തിലൂടെ നമുക്കു കാട്ടിത്തരുന്നു.



www.malankaralibrary.com

# മാനവസേവയാം ദൈവസേവനം



**കെ.ജി. സുദാസ്**
ഡെപ്യൂട്ടി ഡയറക്ടർ, ഖാദിബോർഡ്, (Ret.)

ഗബ്രിയേലച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിവർഷം അദ്ദേഹത്തിന്റെ വിവിധ തുറകളിലുള്ള സുഹൃത്തുക്കൾക്ക് ആഹ്ലാദം പകരുന്ന അവസരമാണ്. മാതൃകാ ആത്മീയ പ്രവർത്തകൻ എന്ന നിലയിൽ ദൈവവിശ്വാസികളെല്ലാം അദ്ദേഹത്തെ സ്തുതിക്കും. സാമൂഹ്യ നന്മലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കർമ്മയോഗിയായി കണ്ടു ജാതിഭേദമില്ലാതെ അടുത്തു പഴകിയവരെല്ലാം അദ്ദേഹത്തെ വാഴ്ത്തും.

ഇരുപത്തെട്ടുവർഷങ്ങൾക്കുമുമ്പാണ് ഞാൻ ഗബ്രിയേലച്ചനെ പരിചയപ്പെടുന്നത്. പുരോഹിതവൃത്തിയും സാമൂഹ്യപ്രവർത്തനവുമായി നെടുമങ്ങാടു ഗേൾസ് ഹൈസ്ക്കൂളിനു സമീപമുള്ള ഒരു വാടകവീട്ടിലായിരുന്നു താമസം. യേശുദേവനെ അനുസ്മരിപ്പിക്കുന്ന താടിയും രൂപവും നിഷ്കളങ്കതനിറഞ്ഞ കൂലിങ്ങിക്കുലുങ്ങിയുള്ള ചിരിയും കാഷായ വേഷവും സൗമ്യഭാവവും മൃദുലഭാഷണരീതിയുമെല്ലാം ഒരു ഋഷിവര്യന്റെ പ്രതീതി ജനിപ്പിക്കുംവിധം ആരേയും ആകർഷിക്കും.

ലോകത്തിലെ ഏറ്റവും വലിയ സാമൂഹ്യ സേവനസംഘടനയായ ലയൺസ് ക്ലബ്ബ് ഇന്റർനാഷണലിന്റെ ഒരു പ്രവർത്തകൻ കൂടിയായ ഞാൻ ലയൺസ് ക്ലബ്ബിന്റെ ഒരു ശാഖ നെടുമങ്ങാട്ടു സ്ഥാപിക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കുന്നതിന് സാമൂഹ്യപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന അദ്ദേഹത്തെക്കൂടി ഈ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കാനുള്ള ഉദ്ദേശ്യത്തോടു കൂടി കാണുകയുണ്ടായി. എന്റെ ആഗ്രഹം സഫലമായി. ഞാൻ ചാർട്ടർ പ്രസിഡന്റായും (സ്ഥാപക പ്രസിഡന്റ്) റ്റി. രവീന്ദ്രൻ തമ്പി I.A.S. (Ret.) സെക്രട്ടറിയായും ഗബ്രിയേലച്ചൻ ഖജാൻജിയായും 1973-ൽ നെടുമങ്ങാട്ടു ലയൺസ് ക്ലബ്ബ് സ്ഥാപിതമായി. ആദ്യകാലത്തു



www.malankaralibrary.com

ക്ലബ്ബിനു ആസ്ഥാനമോ മറ്റുസൗകര്യങ്ങളോ ഇല്ലായിരുന്നു. ക്ലബ്ബിന്റെ യോഗങ്ങൾകൂടുന്നതിനു അച്ചന്റെ ആസ്ഥാനം ലഭ്യമാക്കിയിരുന്നു. ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ അച്ചൻ സജീവ മായി പങ്കെടുത്തിരുന്നു. തുടക്കത്തിൽ അദ്ദേഹം കാണിച്ച സന്മനസ്സും ഔദാര്യവും ലയൺസ് ക്ലബ്ബിന്റെ മുന്നോട്ടുള്ള പ്രയാണത്തിനു വലിയ സഹായമായിരുന്നു. ലയൺസ് ക്ലബ്ബും തൃപ്പാദ വുമായി നല്ല ബന്ധം ഇപ്പോഴും പുലർത്തിപ്പോ രുന്നു. അവിടുത്തെ വൃദ്ധരായ അന്തേവാസി കൾക്കു ചില സന്ദർഭങ്ങളിൽ സഹായങ്ങൾ നൽകുകയും മറ്റു പ്രവർത്തനങ്ങളിൽ സഹകരി ക്കുകയും ചെയ്യുന്നു.

പിന്നീട് സാമൂഹ്യപ്രവർത്തനം വിപുലീക രിക്കുന്നതിനുവേണ്ടി Peoples Faternity-യും തൃപ്പാദം എന്ന ആശ്രമവും ചെറിയതോതിൽ ആരംഭിച്ചു. ഇല്ലായ്മയിൽ നിന്നും തൃപ്പാദം ഇന്നു വളർന്നു വലുതായി. ദാരിദ്ര്യം അനുഭവി ക്കുന്നവർക്കു ആഹാരവും കിടപ്പാടമില്ലാത്ത വർക്കു പാർപ്പിടവും രോഗികൾക്ക് ചികിത്സയും ശുശ്രൂഷയും നൽകുന്നു. വിദ്യാഭ്യാസം, ബോധ വത്ക്കരണം എന്നീ രംഗങ്ങളിൽ പ്രവർത്തിച്ചു സാധാരണക്കാരെ സഹായിക്കുന്നു.

തൃപ്പാദത്തിന്റെ വളർച്ചനോക്കി സന്തോഷി ക്കുമ്പോൾ മദർതെരേസയെക്കുറിച്ച് ഓർത്തുപോ കും. അവരുടെ ആതുരസേവനപ്രവർത്തന ങ്ങൾക്കു പണം ഒരു തടസ്സമായിരുന്നില്ല. അക്കാര്യം അവർ ഒരു പ്രമുഖ പത്രപ്രവർത്തക നായ കുഷ്വന്ത് സിങ്ങിനോട് ഒരു ഇന്റർവ്യൂ വിൽ സൂചിപ്പിച്ചിട്ടുണ്ട്. “God gives through his people” ദൈവം ആവശ്യമുള്ള സഹായങ്ങൾ അദ്ദേഹത്തിന്റെ ആൾക്കാർവശം എത്തിച്ചുകൊ ണ്ടിരിക്കും. ഈ ദൈവകാരുണ്യംതന്നെ ആയി രിക്കും അച്ചനുംസഹായം. മതേതരത്വത്തിൽ ഊന്നിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം വളരെ പ്രശംസ അർഹിക്കുന്നതാണ്.

അദ്ദേഹത്തെപറ്റിപറയുമ്പോൾ മഹാകവി കുമാരനാശാൻ ഉപഗുപ്തനെപ്പറ്റി പാടിയ രണ്ടു വരികൾ ഓർത്തുപോകുന്നു.

“പതിതകാരുണ്യകരാംഭവാദൃശസുതന്മാരെ
ക്ഷിതിദേവിക്കിന്നുവേണം അധികം പേരെ”

ഗബ്രിയേലച്ചൻ നീണാൾവാണു മാനവ സേവയാകുന്ന ദൈവസേവ നടത്തട്ടെ.

✪



www.malankaralibrary.com

# മംഗളങ്ങൾ നേരുന്നു



**സിസ്റ്റർ മേരി മാത്യു ഡി.എം.**

50 വർഷങ്ങൾ ദൈവത്തിന്റെ കരങ്ങളിൽ ശക്തിയേറിയ ഒരു ഉപകരണമായി അനേകായിരങ്ങൾക്ക് നവജീവൻ നൽകി ഓജസുറ്റ ജീവിതത്തിന്റെ ഉടമയായി ജീവിക്കുന്ന വാത്സല്യനിധിയായ ഗബ്രിയേലച്ചന് പൗരോഹിത്യസുവർണ്ണജൂബിലിയുടെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത്" (മത്തായി 25/40). അന്ത്യവിധിയുടെ മാനദണ്ഡമായി യേശു പറഞ്ഞിരിക്കുന്ന ഈ വചനം ഗബ്രിയേലച്ചന്റെ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ട്. നിസ്സഹായ അവസ്ഥയിലായിരിക്കുന്ന വികലാംഗരേയും രോഗികളേയും വൃദ്ധരേയും ഒക്കെ കണ്ടപ്പോൾ മനസ്സലിഞ്ഞ് അവരുടെ തലത്തിലേക്ക് ഇറങ്ങുവാനുള്ള പ്രചോദനം ഇവിടെ അദ്ദേഹം ദർശിച്ചു. ജാതിമതവർഗ്ഗഭേദമന്യേ അവരെ പരിഗണിക്കാനും, പരിചരിക്കാനും, സ്നേഹിക്കാനും അവരോടൊപ്പം ആയിരിക്കുവാനും ഇന്നും അദ്ദേഹത്തിന് സാധിക്കുന്നു. അദ്ദേഹം മനുഷ്യനിൽ ദൈവത്തെ കാണുന്ന ആദ്ധ്യാത്മിക ജീവിതശൈലിയുടെ ഉടമയാണ്. ഏറ്റം എളിയവരെ അദ്ദേഹം സ്നേഹിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ പോലും നിഷേധിക്കപ്പെട്ടവരെ പരിചരിക്കുന്നു. അവർക്ക് ജീവിതമാർഗ്ഗത്തിനുള്ള പാത കണ്ടുപിടിക്കാൻ അഹോരാത്രം പണി എടുക്കുന്നു. നീതി നിഷേധിക്കപ്പെട്ട് രോഗത്തിലും പട്ടിണിയിലും തിരസ്ക്കരണത്തിലും കഴിയുന്നവരെ സ്നേഹിക്കുന്നു. സമസൃഷ്ടങ്ങളോട് വളരെ കരുണയോടെ പെരുമാറുന്നു. ആഴമായ വിശ്വാസവും ദൈവാശ്രയവും കൈമുതലാക്കി യേശുവിന്റെ മനസ്സറിഞ്ഞുള്ള ജീവിതമാണ് അദ്ദേഹം നയിച്ചുകൊണ്ടിരിക്കുന്നത്. വിശുദ്ധബലിയിലെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ "കർത്താവെ അനാഥരുടെ സങ്കടം, ദരിദ്രരുടെ നിലവിളി, പീഡിതരുടെ ക്ലേശം, മർദ്ദിതരുടെ പ്രയാസങ്ങൾ എന്നി വ നീ ഗൗനിക്കാതെ മൗനമായിരിക്കരുതേ" എന്ന് വൈദികൻ പ്രാർത്ഥിക്കുന്നു. ആ പ്രാർത്ഥന ഗബ്രിയേലച്ചനിൽ അന്വർത്ഥമാണ്. ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങളെ കണ്ടില്ല എന്ന് ഭാവിക്കാൻ



www.malankaralibrary.com

അദ്ദേഹത്തിന് ഒരിക്കലും സാദ്ധ്യമല്ല.

പൗരോഹിത്യശുശ്രൂഷയിലെ ഭൂരിഭാഗവും നെടുമങ്ങാട് അച്ചൻ ചെയ്യുന്ന ശുശ്രൂഷകൾ അനാഥരുടെ സങ്കടം അകറ്റുന്നു, ദരിദ്രരുടെ നില വിളി ശമിപ്പിക്കുന്നു, പീഡിതരുടേയും മർദ്ദിതരുടേയും പ്രയാസങ്ങൾ അകറ്റുന്നു.

വൃദ്ധസദനത്തിലെ അന്തേവാസികൾ ദിവസത്തിൽ ഒരു തവണയെങ്കിലും അച്ചനെ ഒന്നു കണ്ടില്ലെങ്കിൽ എന്തോ നഷ്ടപ്പെട്ടതായി കരുതുന്നതും അന്വേഷിക്കുന്നതും ആ സ്നേഹത്തിന്റെ ഊഷ്മളത കൊണ്ടാണ്. തൃപ്പാദത്തിൽ കടന്നു ചെല്ലുന്നവർക്കെല്ലാം സ്നേഹമുള്ള ഒരു അപ്പച്ചനെ അവിടെ കാണാം. ആർക്കും എപ്പോഴും അവിടെ കയറിച്ചെല്ലാം. ഹൃദയഭാരവുംപേറി കടന്നുചെല്ലുന്നവരെ താല്പര്യത്തോടെ ശ്രവിച്ച് ആശ്വസിപ്പിച്ച് അനുഗ്രഹിച്ചാണ് യാത്രയാക്കുന്നത്. തൃപ്പാദത്തിൽ ചെല്ലുന്നവർക്കൊക്കെ അവിടെ ഭക്ഷണം കരുതിയിട്ടുണ്ടാകും. തൃപ്തിയായി കഴിച്ചിട്ടേ പോകാവു എന്ന് നിർബന്ധമാണ്. വെറും കയ്യോടെ പാവങ്ങളെ പറഞ്ഞയയ്ക്കുകയില്ല. വിവിധ പ്രശ്നങ്ങളാൽ വീർപ്പുമുട്ടുന്ന കുടുംബിനികൾക്ക് ജീവിതത്തിൽ പ്രത്യാശപകരാൻ അച്ചന് സാധിക്കുന്നുണ്ട്. നൂറുകണക്കിന് ആളുകൾക്ക് തൊഴിലവസരങ്ങൾ നൽകി അദ്ധ്വാനിച്ച് ജീവിതമാർഗ്ഗം കണ്ടെത്താൻ പഠിപ്പിക്കുന്നു. വായിക്കാനും എഴുതാനും തൃപ്പാദത്തിൽ പോയി പഠിച്ചതുകൊണ്ട് ആത്മസംതൃപ്തിയോടെ ഇന്ന് ജീവിക്കുന്ന ധാരാളം മുതിർന്നവരെ ഞാൻ കണ്ടിട്ടുണ്ട്. ദൈവം ദാനമായി നൽകിയ കഴിവുകൾ വികസിപ്പിച്ച് അതിലൂടെ കൈത്തൊഴിലുകൾ നടത്താനും അവസരങ്ങൾ അച്ചൻ ആസൂത്രണം ചെയ്യുന്നു. കാലത്തിനനുസരിച്ച് നൂതനമാർഗ്ഗങ്ങൾ ആരായുന്നതിലും ലഭ്യമാകുന്ന സഹായങ്ങൾ നേടി എടുക്കുന്നതിനുമൊക്കെ ഈ പ്രായത്തിലും അഹോരാത്രം അദ്ദേഹം പ്രവർത്തനനിരതനാണ്.

"വൃദ്ധസദനത്തിലെ എന്താവശ്യവും ദൈവം നടത്തിത്തരും. പലപ്പോഴും ദൈവം തന്നെ അത് ചെയ്യാടാ എന്ന് പറഞ്ഞ് എനിക്ക് ചെയ്യാനുള്ള പ്രേരണ തന്നിട്ടുണ്ട്. ഞാൻ എന്തെങ്കിലും ചെയ്യുന്നെങ്കിൽ അത് ദൈവത്തിന്റെ കരുണ ഒന്നുകൊണ്ടുമാത്രമാണ്. ഒന്നിനും കുറവുണ്ടാവുകയില്ല. ഇവിടുത്തെ പ്രവർത്തനങ്ങൾ എനിക്ക് ഒരു ഭാരമായി തോന്നിയിട്ടില്ല." കാഹളത്തിനു നൽകിയ അഭിമുഖത്തിലെ മേലുദ്ധരിച്ച വരികളിൽ നിറഞ്ഞു തുളുമ്പിനിൽക്കുന്ന ദൈവാശ്രയവും ദൈവംതന്നെക്കൊണ്ട് എല്ലാം ചെയ്യിച്ചു എന്ന വിനയഭാവവും നമുക്ക് മാതൃകയാക്കാം. "ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല" യേശുവിനോടുകൂടെ, യേശുവിനുവേണ്ടി, എല്ലാം ദൈവമഹത്വത്തിനായി മാത്രം ചെയ്യുന്ന അച്ചൻ നിരന്തരമായ പ്രാർത്ഥനയിലൂടെ ദൈവതിരുമനസ്സ് വിവേചിച്ചറിയുന്നു. നസ്രായനായ യേശുവിനോട് "കർത്താവേ ഞാൻ എന്തുചെയ്യണം" എന്ന് ചോദിച്ച സാവുളിനെപ്പോലെ "വലത്തും ഇടത്തും താഴെയും മീതെയും ഉള്ളിലും എല്ലാവശത്തുമായിരുന്നു സംരക്ഷിക്കുകയും പുണ്യപ്പെടുത്തുകയും ചെയ്യുന്ന" ദൈവത്തിന്റെ തിരുമനസ്സറിഞ്ഞ് അച്ചനും ജീവിക്കുന്നു. ദൈവത്തിലാശ്രയിക്കാൻ എല്ലാവരേയും പഠിപ്പിക്കുന്നു.



www.malankaralibrary.com

മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

അച്ചന്റെ കഠിനാദ്ധ്വാനവും ലളിതമായ ജീവിതശൈലിയും, വിനയഭാവവും പരമാർത്ഥതയുള്ള പെരുമാറ്റവും ദൈവത്തിലുള്ള ആശ്രയവും ഈ ജൂബിലിയുടെ അവസരത്തിൽ "താൻ ചെയ്ത പ്രവർത്തനങ്ങളുടെ നന്മ കാണാനുള്ള അവസരം നൽകിയിട്ടുണ്ട്". "ആരെന്തു പറയുന്നു എന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കാറില്ല. നമുക്ക് ചെയ്യാനുള്ളത് ചെയ്യുക ഇതാണ് Imitation of Christ -ൽ നിന്ന് ഞാൻ പഠിച്ചപാഠം. പറയേണ്ടത് പറയാൻ മറ്റുള്ളവരുടെ അഭിപ്രായം നോക്കാറില്ല. തെറ്റുതിരുത്താൻ ഞാൻ തയ്യാറാണ്. ബലിയാകാൻ വിളിക്കപ്പെട്ട ഞാൻ ബലിയാകും" ദൃഢബോധ്യത്തോടുകൂടിയ അച്ചന്റെ വാക്കുകൾ പ്രതികരണശേഷി നശിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ജനങ്ങൾക്ക് മാർഗ്ഗദീപമാകട്ടെ, മനുഷ്യരായ നാം ആകുലതകളുടേയും ഉൽക്കണ്ഠകളുടേയും നടുവിൽ ജീവിക്കുന്നു. ഈ ലോകത്തിലെ ഏറ്റം വലിയ സമ്പത്തായ സന്തോഷവും സമാധാനവും അനുഭവിക്കാൻ പലർക്കും സാധിക്കുന്നില്ല. ക്രിസ്തുവിനെ അനുകരിച്ച് ക്രിസ്തുവിന്റെ മനസ്സറിഞ്ഞ് ക്രിസ്തുവിനോട് ചേർന്നുനിന്ന് പ്രവർത്തിക്കുന്ന അച്ചന്റെ ജീവിതമാതൃക നമുക്ക് കൂടുതൽ പ്രചോദനമരുളട്ടെ. പ്രശംസ, അംഗീകാരം, പ്രശസ്തി തുടങ്ങിയ ലൗകീകനേട്ടങ്ങൾ ഒന്നുമല്ല എന്ന് ജീവിച്ചറിഞ്ഞ അച്ചനെപ്പോലെ മറ്റുള്ളവരുടെ ആരോപണങ്ങളിൽ മനസ്സുപതറാതെ സമചിത്തയോടെ സത്യത്തിനും നീതിയ്ക്കും വേണ്ടി നമുക്കും പോരാടാം. ഓരോ ക്രിസ്തുശിഷ്യന്റെയും അവകാശമാണത് എന്നു നമുക്കും മറക്കാതിരിക്കാം. "മറ്റുള്ളവർ എന്തും പറയട്ടെ നമുക്ക് നന്മ ചെയ്യാം" അച്ചന്റെ വാക്കുകൾ നമുക്ക് എല്ലാം ശുഭമാകും എന്ന പ്രത്യാശ പകരട്ടെ.

പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന പ്രിയപ്പെട്ട ഗബ്രിയേലച്ചനോട് ചേർന്ന് വിശുദ്ധ ബലിയിലെ സമർപ്പണ പ്രാർത്ഥന നമുക്ക് ആവർത്തിക്കാം. "എനിക്കു ചെയ്തിട്ടുള്ള സകല ഉപകാരങ്ങൾക്കും പകരമായി കർത്താവിന് ഞാൻ എന്ത് നൽകും? രക്ഷയുടെ പാനപാത്രമെടുത്ത് കർത്താവിന്റെ നാമം ഞാൻ വിളിച്ചപേക്ഷിക്കും. സകല ജനത്തിന്റെയും മുമ്പാകെ കർത്താവിന് എന്റെ നേർച്ചകൾ ഞാൻ അർപ്പിക്കും"

ജൂബിലി മംഗളങ്ങൾ നേരുന്നു

പ്രാർത്ഥിക്കുന്നു. "സമൃദ്ധമായ അനുഗ്രഹങ്ങളുമായി ദൈവം അങ്ങയെ സന്ദർശിക്കട്ടെ. ശിരസ്സിൽ തങ്കക്കിരീടം അണിയിക്കട്ടെ, എന്നേക്കും അനുഗ്രഹപൂർണ്ണനാക്കട്ടെ" സങ്കീർത്തനം : 21

MALANKARA LIBRARY



www.malankaralibrary.com

# നിതാന്തവന്ദ്യ ദിവ്യശ്രീ ഗബ്രിയേൽ അച്ചൻ



**പൂവത്തൂർ ഭാർഗ്ഗവൻ**

## കാകളി

1

വിശ്വധർമ്മത്തിന്റെ വിസ്മയാരാമമായ്
വിശ്രുതിനേടിയ തൃപ്പാദപത്മമേ
വിശ്വവിശുദ്ധിയായ് വിശ്വോത്തരത്തിന്റെ
ശശ്വൽക്കിരീടമായെന്നും ലസിക്കുക

2

ഗബ്രിയേലച്ചന്റെ സദ്ബ്രഹ്മചര്യയി-
ലാബ്രഹ്മപര്യന്തകല്പം ജയിക്കനീ
ഹാബൃഹത്താം ധർമ്മപാതനയിക്കയാ-
ണീ ബ്രഹ്മവർത്തമതാകിയോരാശ്രമം

3

സത്യധർമ്മങ്ങൾ സനാതനാചാരവും
ശുദ്ധസത്വാർത്ഥസദാനന്ദവൃത്തികൾ
എത്രസമത്വസംകീർത്തനശൈലിയി-
ലിത്തിരുമേനിനയിക്കുന്നനന്മയിൽ.

4

എല്ലാമൊരേധർമ്മമാർഗ്ഗത്തിലച്ചന്റെ
നിർല്ലോഭസദ്ഭാവനക്കതിർമണ്ഡപം
നല്ലോരമേയപ്രഫുല്ലതേജോമയ-
ക്കല്ല്യാണമേകും കളിരിയേവർക്കുമേ

5

അർദ്ധശതാബ്ദസമൃദ്ധിയിൽ നമ്മളെ-
യിദ്ധരതന്നിൽ രക്ഷിപ്പതിനർഹമായ്
സിദ്ധിപോലിന്നാട്ടിലേതിനുമേവർക്കു-
മുദ്ധരണത്തിനീ തൃപ്പാദമാശ്രയം

6

നീതിപീഠംപോൽ നിതാന്താഭിവർദ്ധന-
മേതൊന്നിതിന്നു സമാനമായുള്ളതു
ചേതോഭിരാമശ്രീലാളിതമേളന-
സ്രോതസ്സു തൃപ്പാദ ജ്യോതിസ്സമേയമാം.



www.malankaralibrary.com

7

സാധുസംരക്ഷണവേലയിലച്ചനീ-
ബോധനവൈദികപട്ടമേറ്റീട്ടിന്നു
മാധുരിപെയ്തുകൊണ്ടബ്ദമൊരമ്പതു
സാധുതയാലീപ്രദേശം നയിക്കയായ്.

8

നിത്യസത്യജ്യോതിപോലീ പ്രദേശത്തെ-
യത്യന്തമാത്മാഭിരാമം വളർത്തുവാൻ
പ്രാപ്തമാമച്ചന്റെ കർമ്മശ്രേയസ്സായ
മൂർത്തീഭദ്ഭാവമീ തൃപ്പാദമെപ്പോഴും

9

ആർത്തസമുദ്ധാരകല്പകവൃക്ഷമാ-
ണോർത്താൽ സമസ്തവിദ്യാലയകല്പവും
ഉത്തമമീ മാംസകൾക്കുടജം, വൃദ്ധ-
മർത്ത്യർക്കു തൃപ്പാദമാശാനികേതനം

10

മൂകബധിരാന്ധകർക്കു ബൃഹൽസൗഖ്യ
മേകുന്നിടമാതുരർക്കൗഷധീനിലം.
ഏകമാർഗ്ഗം മാനവീയമല്ലാതെയീ-
ലോകൈകവേദിക്കുമറ്റെന്തുദർശനം.

11

വിശ്വസംരക്ഷണവൃത്തികൈക്കൊള്ളുമീ-
വിശ്വാസമേട വിഭൂതിനിധാനമാം
ആശ്വാസമാണഖിലർക്കുമരമന
ശശ്വത്ഗൃഹച്ചനുള്ളതുപോധനം

12

തൃപ്പാദശബ്ദമെന്താത്മപദമതു
സദ്പാദപത്മമതാത്മാഭിരാമമാം
തദ്പാദതാരുപാസിക്കുന്നു ഭക്തിയോ-
ടല്പേതരാഭയലച്ചനത്യാഭയിൽ.

13

ജാതിമതാദികൾക്കന്യമതാനന്ദ-
ജ്യോതിജഗത്തിനൊരാധാരസ്യന്ദനം
ഭൂതിനമുക്കിന്നുകേരളശ്രീയുടെ
ദ്യോതമഹാശൃംഗമാണീസുരാലയം

14

മന്നിലീതൃപ്പാദസന്നിഭമായൊരു
പുണ്യാശ്രമമില്ലനമ്മതൂകുന്നതായ്
സന്മയംഗബ്രിയേലച്ചന്റെ നിർമ്മല-
ധർമ്മപീഠത്തിൻ മഹിമദിവ്യാസ്പദം.

15

ആരുമരുമക്കിടാങ്ങളാണങ്ങേയ്ക്കു
ആരുംസഹോദരസൗഹൃദരങ്ങേയ്ക്കു
ആരും സമാനരാണങ്ങേയ്ക്കുഭാവുക-
മാരാണരുളാത്തതിദ്ധാരമണ്ഡലേ.

16

പട്ടംവിധിച്ചവർക്കുംപരമാദര-
പ്പട്ടാഭിരാമനാണങ്ങുപാരത്രികേ
നഷ്ടംവരില്ലൊന്നുമങ്ങേയ്ക്കു ശിഷ്ടരോ-
ടിഷ്ടമാകുന്നാതം പട്ടാംബരത്തിനാൽ

17

തൃപ്പാദസേവകൊണ്ടെല്ലാം ജയിക്കുന്ന
സല്പുമാനോളം ബലനാരുഭൂതലെ
സദ്ഭാവമോളം ജയംവരാനെന്തുള്ളു
സദ്പുണ്യനച്ചനെല്ലാർക്കും വിഭാവനൻ



www.malankaralibrary.com

18

യജ്ഞങ്ങളെല്ലാം ജനങ്ങൾക്കുവേണ്ടിയാ-
ണെജ്ഞകർത്താവൊന്നു മാത്രമീസദ്ഗുരു
യജ്ഞമോ ക്ഷേമയോഗം സർവ്വകാലവും
സുജ്ഞനാംഗബ്രിയേലച്ചന്നു സാധന.

19

തുഛമായൊന്നുമില്ലച്ചനുഭൂതലെ
സ്വഛമാം ദർശനമൊന്നേ പ്രശാന്തത
നിശ്ചലധ്യാനത്തിലും സർവ്വവസ്തുവായ്
അച്ചൻ സ്മരിക്കുന്നു നിത്യനിവൃത്തിയെ

20

അക്ഷയധർമ്മം ജയിക്കട്ടെ പാരിതിൽ
സക്ഷേത്രധർമ്മപീഠം നമുക്കായ് സദാ
നിക്ഷേപസൗഖ്യം വളർത്തുന്ന തൃപ്പാദ-
മക്ഷയാനന്ദം വളരട്ടെ മേല്ക്കുമേൽ

21

അച്ചനുമായുരാരോഗ്യസൗഖ്യങ്ങളാ-
ലിച്ഛപോൽ സജ്ജനസേവ്യനായ് സർവ്വദാ
സ്വഛന്ദമഛചേതസ്സിയായ് വാഴുവാൻ
നിശ്ചലാത്മാവാകുമീശൻ കനിഞ്ഞീടും.

22

ഉദ്ധരിക്കട്ടെ ധരിത്രിയെ തൃപ്പാദ
സദ്ധ്വനി നിത്യനിവർത്തനശക്തിയിൽ
സദ്ധീരശക്തിയാൽ പ്രജ്വലിച്ചീശ്വര-
സിദ്ധിയിൽ ഗബ്രിയേലച്ചൻ ജയിക്കുക.

23

"മന്നിൽ ധ്വനിക്കട്ടെമങ്ങാതെ മംഗള-
ധന്യതപൂകുമീ സംപുഷ്ടസൗഭഗം
എന്നുമീന്നാട്ടിന്റെ പൊൻകിനാവായ് നിന്നു
ഭംഗിനല്കട്ടെയീ അൻപതാം വത്സരം".




Sacerdotal Golden Jubilee
Greetings & Prayerful Wishes

To

**Rev. Fr. Gabriel Thaikadavil OIC**

*Mr. George Varghese & Family*

**KUREEKAD, KOWDIYAR**

Trivandrum




www.malankaralibrary.com

# ഞാൻ കണ്ടറിഞ്ഞ ബഹു. ഗബ്രിയേലച്ചൻ



**സിസ്റ്റർ അനുഗ്രഹ ഡി.എസ്.എസ്.**

ദൈവീക വെളിപാടുകൾ മനസ്സിലാക്കി ലാഭേച്ഛകൂടാതെ തങ്ങളെത്തന്നെ നിലയില്ലാആഴങ്ങളിലേക്ക് സ്വയം വലിച്ചെറിഞ്ഞ് പ്രതികരിച്ചിട്ടുള്ള വ്യക്തികൾക്കേ ദൈവമഹത്വത്തിനായി തങ്ങളുടെ സഹോദരങ്ങൾക്കായി അവരുടെ ഉന്നമനത്തിനായി ഉദ്ധാരണത്തിനായി വല്ലതും ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളൂ. നാം മഹത്തുക്കൾ ആയി പ്രകീർത്തിക്കുന്നവരെല്ലാം ഇത്തരക്കാരാണ്. അവർ ഒറ്റപ്പെടൽ, തിരസ്ക്കരണം, നിസ്സഹായത, തെറ്റിദ്ധാരണ തുടങ്ങി ജീവിതത്തിന്റെ കൈയ്പ്പു നിറഞ്ഞ അനുഭവങ്ങളിലൂടെ കടന്നുപോയി വിജയപതാക പറപ്പിച്ചിട്ടുള്ളവരാണ്.

ബഹു. ഗബ്രിയേലച്ചനെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ അനുഭവങ്ങളിലൂടെയെല്ലാം കടന്നുപോയി അവയെ കറയറ്റ ക്രൈസ്തവ ആദ്ധ്യാത്മികതയിൽ നോക്കിക്കണ്ടുകൊണ്ട് ദൈവീകമക്കളോട് ഒന്നായി ഇഴുകിച്ചേർന്ന് അവരെ അവരുടെ ജീവിതപ്രശ്നങ്ങളിൽ നിന്നും ഉയർത്താൻവേണ്ടി സ്വന്തജീവിതം ഉഴിഞ്ഞുവച്ച, ഉഴിഞ്ഞുവച്ചിരിക്കുന്ന യോഗീവര്യനാണ്. ക്രിസ്തുവിനെ തന്റേതായ ശൈലിയിൽ പുനഃരവതരിപ്പിക്കുന്നതിൽ അച്ചൻ എപ്പോഴും ദത്തശ്രദ്ധനാണ്.

ഏതവസരത്തിലും ആർക്കും പ്രാപ്യനായ, ആതിഥേയോഃഭവ എന്ന ആപ്തവാക്യം പ്രാവർത്തിമാക്കുകയും, അതിനായി മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ദരിദ്രർക്കും, ദീനർക്കും, ആലംബഹീനർക്കും അത്താണിയായ, ആർദ്രഹൃദയനായ, പ്രസന്നവദനനായ കൂർമ്മബുദ്ധിയുള്ള ഇങ്ങനെ അനവധി സവിശേഷ സൽഗുണങ്ങളുടെ മൂർത്തീവദ്ഭാവമാണ് അച്ചൻ. ഒരുവൻ എന്തെല്ലാം പ്രശ്നങ്ങളുമായി അച്ചനെ സമീപിച്ചാലും അവർക്ക് ആശ്വാസവും, പ്രത്യാശയും പകരുവാൻ അച്ചനുള്ള കഴിവ് ഒന്നു വേറെതന്നെയാണ്.



www.malankaralibrary.com

ദൈവം ആരാണെന്ന് നമ്മോടു ചോദിച്ചാൽ നാം പറയും അവിടുന്ന് സ്നേഹമയനാണ്, ആർദ്രഹൃദയനാണ് എന്നൊക്കെ. എന്നാൽ അച്ചൻ പറയും ദൈവം ശിലാഹൃദയനാണ് അഥവാ നിർവ്വികാരനാണ് എന്ന്. അതായത് ദൈവം തന്റെ മക്കൾക്കു ആവശ്യമുള്ളവ എല്ലാം നല്കി സ്വസ്തനായിരിക്കും. ഈ സ്വസ്തത നമുക്ക് അസ്വസ്തത സൃഷ്ടിക്കുന്നു. അച്ചന്റെ ഒരനുഭവം ഇവിടെ കുറിക്കുന്നത് അസ്ഥാനത്താകയില്ല എന്നു കരുതുന്നു. വൃദ്ധസദനത്തിനു വസ്തു വാങ്ങിയപ്പോൾ വസ്തു തന്നയാളിനു കുറച്ചുരൂപ കൊടുത്തുതീർക്കാനുണ്ടായിരുന്നു. തന്റെ മകളുടെ വിവാഹാവശ്യത്തിനു തന്നാൽമതി എന്ന് അയാൾ സമ്മതിച്ചിരുന്നു. വിവാഹം ഉറച്ചു പണം ലഭിക്കേണ്ട നിശ്ചിത തീയതി അച്ചനെ അറിയിച്ചു. എന്നാൽ കൊടുക്കേണ്ട തീയതിക്കു പറഞ്ഞുവച്ച പണം സമ്പാദിക്കാൻ സാധിച്ചില്ല. ആകെ വിഷമിച്ചു. പല വാതിലുകളും മുട്ടിനോക്കി. ഫലമുണ്ടായില്ല. അങ്ങനെ വിഷമിച്ചിരിക്കുമ്പോൾ അപ്രതീക്ഷിതമായി ഒരു വ്യക്തി അവിടെ വരികയും അച്ചനെ സഹായിക്കുകയും ചെയ്തു. ഇതാണ് ദൈവത്തിന്റെ പദ്ധതി. നമ്മുടെ ചിന്തകളല്ല അവിടുത്തേ ചിന്തകൾ! അച്ചൻ ഒരിക്കലും പ്രതീക്ഷിക്കാതിരുന്ന വ്യക്തിയെയാണ് അച്ചനെ സഹായിക്കാൻ ദൈവം അയച്ചത്. നാം ഇപ്രകാരമുള്ള അവസരങ്ങളിൽ മനസ്സുവിഷമിച്ച് ഓടിനടക്കും. ഈ സംഭവവികാസങ്ങളുടെ മദ്ധ്യേ അച്ചന്റെ അടുത്തിരുന്ന് ഒരു അരൂപി ചെവിയിലേക്കു മന്ത്രിച്ചു മനസ്സു വിഷമിക്കുന്നത് ദൈവത്തിനിഷ്ടമില്ല. അച്ചൻ അതു വ്യക്തമായി കേട്ടു. "മനസ്സ് വിഷമിക്കുന്നത് ദൈവത്തിനഷ്ടമില്ല" ഈ വാക്ക് അച്ചനെ വളരെ സ്പർശിച്ചു. ദൈവാശ്രയ കൊടുമുടിയിലേക്ക് അച്ചനെ ഇതു പിടിച്ചുയർത്തി. അതിനുശേഷം ജീവിതത്തിൽ ഏതെല്ലാം ബാലികേറാമലകൾ വന്നാലും ദൈവത്തിനു പ്രീതികരമെങ്കിൽ തീർച്ചയായും അവിടുന്ന് അതു നടത്തിത്തരും എന്ന പ്രത്യാശനിറഞ്ഞ ചിന്ത അച്ചനെ അനുദിനും നടത്തുന്നു. കൂടാതെ ഇതുപോലുള്ള അനുഭവങ്ങളിൽ നിന്നും ദൈവത്തിന്റെ നിർവികാരത്വം എന്ന ഭാവം പ്രക്ഷുബ്ദാവസരങ്ങളിൽ അച്ചന് താങ്ങായി നില്ക്കുന്നു.

നാം പറയും സ്നേഹത്തോടുകൂടി ശുശ്രൂഷിക്കുക (Serve with love) എന്നാൽ അച്ചൻ പറയും സ്നേഹം കൊടുക്കുക (Serve love).

ഭവനം ഒരേകുടുംബത്തിലെ വ്യക്തികൾ വസിക്കുന്ന സ്ഥലം ആണ്. എന്നാൽ അച്ചൻ പറയും അതുമാത്രമല്ല ഭവനങ്ങൾ ആരാധനായലങ്ങളും പണിപുരകളും ആണ് എന്ന്. ഈ ആശയം മനസ്സിൽ വച്ചുകൊണ്ടാണ് ഇവിടുത്തെ തൊഴിൽ രംഗങ്ങൾ അച്ചൻ വികസിപ്പിച്ചിരിക്കുന്നത്.

ഒരു വ്യക്തിയുടെ സമഗ്രമായ വ്യക്തിത്വ വികസനത്തിനു അവനെ സഹായിച്ചെങ്കിൽ മാത്രമേ നാം ചെയ്യുന്ന സഹായം അവന്റെ മുമ്പോട്ടുള്ള ജീവിതത്തിലേക്ക് ഉപകരിക്കൂ എന്ന് അനുഭവത്തിലൂടെ മനസിലാക്കിയ അച്ചൻ അതിനുതകുംവിധം പല സെമിനാറുകൾ, ബോധവല്ക്കരണ ക്ലാസ്സുകൾ, പ്രാർത്ഥനാ കൂട്ടായ്മ തുടങ്ങിയവ സംഘടിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധനാണ്.



www.malankaralibrary.com

എല്ലാരംഗത്തും പ്രത്യേകിച്ച് നാം അസ്വസ്തരാകുന്ന വേളകളിൽ സ്വയം ചോദിക്കുക എന്റെ ചിന്തകൾ ദൈവീകമാണോ അതോ മാനുഷികമാണോ എന്ന്.

-വിജയിക്കുന്നതുവരെ സഹിക്കുക.

-നാമുമായി ഇടപഴകുന്ന വ്യക്തികളെ ദൈവസന്നിധിവരെ എത്തിക്കേണ്ട കടമ നമുക്കുണ്ട്.

-ദൈവമെ നയിക്കേണമേ നടത്തണമെ. ഇതാണ് എല്ലാ പ്രാർത്ഥനയുടെയും അന്തഃസത്ത

-Nothing happens but everything is provided.

-നമ്മുടെ മനസ്സിനെ അസ്വസ്തമാക്കുന്നവയിൽ നിന്നും ഒഴിഞ്ഞുമാറുക. കാരണം സ്വസ്തമായ ഹൃദയത്തിൽ മാത്രമേ ദൈവം വസിക്കയുള്ളൂ.

ഞാൻ നിന്നെ വിളിച്ചു. ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ട ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലതുകൈകൊണ്ട് ഞാൻ നിന്നെ താങ്ങിനിർത്തും. ഏശയ്യാ. 41:10. ഈ വാക്യങ്ങൾ ജീവിതത്തിൽ തികച്ചും അനുഭവിച്ചറിഞ്ഞ, അനുഭവിച്ചുകൊണ്ടിരിക്കുന്ന അതിൽ സന്തോഷമനുഭവിക്കുന്ന വ്യക്തിയാണ് ബഹു. ഗബ്രിയേലച്ചൻ!



Sacerdotal Golden Jubilee
Greetings & Prayerful Wishes

To

**Rev. Fr. Gabriel Thaikadavil OIC**

**TI Zacharia & Family**

**VENGAL THUNDIYIL HOUSE**

Pattom



www.malankaralibrary.com

# സ്നേഹത്തിന്റെ ജൂബിലി



**ജീന. ആർ.,** പഴകുറ്റി

ഞങ്ങളുടെ സ്നേഹനിധിയായ ഗബ്രിയേലച്ചൻ വൈദികനായി അഭിഷേകം ചെയ്യപ്പെട്ട് 50 വർഷം പൂർത്തിയാക്കുന്ന സന്തോഷാവസരത്തിൽ അച്ചന്റെ അരുമ മക്കളായ ഞങ്ങൾ ഹൃദയം നിറഞ്ഞ സ്നേഹത്തോടെ അച്ചന് ആയുസ്സും, ആരോഗ്യവും, എല്ലാ നന്മകളും നേരുന്നു. അതിനായി പ്രാർത്ഥിക്കുന്നു.

ഏത് ആവശ്യത്തിലും ഒരു സ്വന്തം പിതാവിന്റെ അടുത്തെന്നപോലെ ഓടിച്ചെല്ലാനുള്ള സ്വാതന്ത്ര്യവും, സ്നേഹവും ഞങ്ങൾക്ക് അച്ചനോടും അച്ചന് ഞങ്ങളോടും ഉണ്ട്. എന്റെ ബാല്യകാലം മുതലേ അമ്മയുടെ കൂടെ ഞാൻ തൃപ്പാദത്തിൽ പോകുമായിരുന്നു. അപ്പോഴെല്ലാം,

"നിന്റെ ഹിതംപോലെയെന്നെ
നിത്യം നടത്തീടേണമേ
എന്റെ ഹിതം പോലെയല്ലേ
എൻ പിതാവേ എൻ യഹോവേ"

എന്ന ഈ പാട്ടിന്റെ, ഈരടികൾ പാടിക്കൊണ്ടു നടക്കുന്ന അച്ചനെ കാണാമായിരുന്നു. അച്ചനിൽ നിന്നാണ് ദൈവത്തിന്റെ ഈരടികൾ സദാസയവും ആരായുവാൻ ഞാൻ പഠിച്ചത്. തൃപ്പാദത്തിന്റെ അയൽവാസികളായി താമസിച്ചിരുന്ന ഞങ്ങൾ, സായാഹ്നത്തിൽ ആൽമരക്കൊമ്പിൽ ഒന്നിച്ചു കൂടുന്ന കിളികളെപ്പോലെ, എല്ലാദിവസവും വൈകുന്നേരങ്ങളിൽ തൃപ്പാദത്തിന്റെ അങ്കണത്തിൽ ഒരുമിച്ചുകൂടുമായിരുന്നു. കുട്ടികളുടെ പാട്ടും, കളികളും കൊണ്ട് തൃപ്പാദത്തിലെ സായാഹ്നം ശബ്ദമുഖരിതവും സ്വപ്നതുല്യമായ സന്തോഷവുംകൊണ്ട് നിറഞ്ഞിരുന്നു. അവർക്കിടയിൽ ശിശുവിന്റെ നൈർമല്യമായ മനസ്സോടുകൂടി ഗബ്രിയേൽ അച്ചനും ഉണ്ടായിരുന്നു. കുട്ടികളായ ഞങ്ങൾ കൂട്ടായ്മയുടെ മാധുര്യം ആസ്വദിച്ചിരുന്നത് തൃപ്പാദത്തിൽ നിന്നായിരുന്നു എന്ന് നന്ദിയോടുകൂടി ഓർക്കുന്നു. കലാ-കായിക പരിപാടികൾ കുട്ടികളായ ഞങ്ങൾക്കു വേണ്ടി സംഘടിപ്പിക്കുകയും കൊച്ചുകൊച്ചു സമ്മാനങ്ങളും മധുരപലഹാരങ്ങളും ഒക്കെതന്ന് ഞങ്ങളെ സന്തോഷിപ്പിക്കുകയും പ്രോത്സാഹി



www.malankaralibrary.com

പ്പിക്കുകയും ഒക്കെ ചെയ്യുമായിരുന്നു.

സ്ക്കൂളിൽ പഠിച്ചുകൊണ്ടിരുന്ന സമയങ്ങളിൽ അച്ചനെച്ചെന്നു കാണുകയും വിലയേറിയ ഉപദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുക പതിവായിരുന്നു. എന്റെ വിദ്യാഭ്യാസവിജയത്തിൽ മറ്റാരെക്കാളും പ്രോത്സാഹിപ്പിച്ചത് അച്ചനായിരുന്നു. കോളേജ് വിദ്യാഭ്യാസം ഒരു ചോദ്യചിഹ്നമായി എന്റെ മുന്നിൽ നിന്നു? വാത്സല്യനിധിയായ അച്ചന്റെ അടുക്കലേക്കല്ലാതെ മറ്റെങ്ങോട്ടേണു ഞാൻ പോകുക! തൃപ്പാദത്തിലേക്ക് ഞാൻ നടന്നു. തൃപ്പാദത്തിൽ എത്തി ഞാൻ അച്ചനോട് വിവരങ്ങൾ പറഞ്ഞു. വാത്സല്യനിധിയായ ആ പിതാവ് എന്നെ കനിഞ്ഞ് അനുഗ്രഹിച്ചു. സഹായിച്ചു. നന്ദിപറയുവാൻ എനിക്ക് വാക്കുകളില്ല. ഇതേ അനുഭവമുള്ള അനേകം കുട്ടികൾ നെടുമങ്ങാട് പ്രദേശത്ത് ഉണ്ട്. അച്ചന്റെ സഹായത്തോടെ പഠിച്ച് ഉന്നതതലങ്ങളിൽ എത്തിയവർ ഇന്നും അച്ചനെ സ്നേഹത്തോടും നന്ദിയോടുകൂടി ഓർക്കുന്നു.

വ്യക്തിപരമായും, കുടുംബപരമായും സമൂഹപരമായും ഒക്കെ അച്ചൻ സഹായിക്കുന്നു. എല്ലാ അവസ്ഥയിലും അച്ചന്റെ സഹായഹസ്തങ്ങൾ എത്താറുണ്ട്. ഏറെനാളായി രോഗിയായി കഴിയുന്ന എന്റെ അമ്മ ജീവിച്ചിരിക്കുന്നത് അച്ചന്റെ കരുതലോടുകൂടിയ സഹായം ഒന്നുകൊണ്ടു മാത്രമാണ്. ആർക്കും ഏതു സമയത്തും എപ്പോഴും തൃപ്പാദത്തിൽ കടന്നുചെല്ലാം. നേരിൽച്ചെന്ന് അച്ചനെ കാണാം. എല്ലാവരുടെയും പ്രശ്നങ്ങൾ അച്ചൻ ക്ഷമാപൂർവ്വം കേൾക്കും. ഈ ഭൂമിയിൽ ആരും ഇല്ലാത്തവർക്ക് ഒരു ആശാകേന്ദ്രമാണ് തൃപ്പാദം. രോഗികൾക്ക് വൈദ്യനായും, അനാഥർക്ക് പിതാവായും, ഉപേക്ഷിക്കപ്പെട്ടവർക്ക് കാവൽദൂതനായും എവിടെയും ഓടിയെത്തുന്ന ആ പിതൃസ്നേഹം ഓർമ്മിക്കുക അസാധ്യമാണ്. ദൈവത്തിന്റെ 'തിരുപാദത്തിങ്കൽ' അഭയം തേടുന്നവരെപ്പോലെ തൃപ്പാദത്തിൽ ആശ്രയം കണ്ടെത്തിയവർ ഇന്ന് നിരവധിയാണ്. ജീവിതത്തിൽ നിരാലംബരായി കഴിയുന്ന ഒത്തിരിയേറെപ്പേർ ഇന്ന് തൃപ്പാദത്തിൽ ആശ്രയം കണ്ടെത്തി ജീവിക്കുന്നു. തുടക്കത്തിൽ ചുരുക്കം പേർ മാത്രമുണ്ടായിരുന്ന തൃപ്പാദം ഇന്ന് വളർന്ന പന്തലിച്ചു വടവൃക്ഷം പോലെ ആയിരിക്കുന്നു. ദൂരെ സ്ഥലങ്ങളിൽ നിന്നു പോലും പറവകൾ പറന്ന് പറന്ന് തൃപ്പാദത്തിന്റെ ശിഖരങ്ങളിൽ കൂടുകൂട്ടുന്നു. തൃപ്പാദം ഒരു വലിയവടവൃക്ഷം മാത്രമല്ല ഇന്ന് അതിൽനിന്നും നിരവധി വിത്തുമുളച്ച് മരങ്ങളും ഉണ്ടായിരിക്കുന്നു. തൃപ്പാദത്തിന്റെ നന്മ ആസ്വദിക്കുന്നവർ മറ്റുള്ളവർക്കും ഒരു മാതൃകയാകുന്നു. ഞങ്ങളെ ദൈവമക്കളാക്കി വിശ്വാസജീവിതത്തിൽ അടിയുറച്ച് ജീവിക്കുവാൻ വേണ്ടുന്ന കാര്യങ്ങൾ ഒക്കെപഠിപ്പിച്ച് തന്നത് അച്ചനാണ്. എപ്പോഴും പ്രാർത്ഥിക്കണമെന്നും, കുടുംബങ്ങളിൽ പ്രാർത്ഥന നടത്തണമെന്നും പരസ്പരം ക്ഷമിച്ചും സന്തോഷമായി ജീവിക്കണമെന്ന് പറഞ്ഞുതന്നത് അച്ചൻ തന്നെയാണ്.

അച്ചന്റെ പ്രവർത്തനങ്ങളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കാതെ കുറ്റംപറയുകയും അക്ഷേപിക്കുകയും, നിന്ദിക്കുകയും ഒക്കെ ചെയ്യുന്നവരും ഇല്ലാതില്ല. അങ്ങനെയുള്ള അവസരങ്ങ



www.malankaralibrary.com

ളിൽ സമചിത്തതയോടെ എല്ലാം ദൈവകരങ്ങ ളിൽ സമർപ്പിച്ച്, അതു കൊണ്ടൊന്നും മനസു മടുത്തു പോകാതെ സത്യം അറിയുന്ന ദൈവ ത്തിന് എല്ലാം സമർപ്പിച്ചുകൊണ്ട് സേവനങ്ങൾ അച്ചൻ തുടരുകയാണ്. ലോകത്തിന്റെ പേരിനും, പെരുമക്കും വേണ്ടി നെട്ടോട്ടമോടുന്ന ജനങ്ങളുടെ നടുവിൽ അച്ചൻ ഒരു ജ്വലിക്കുന്ന മാതൃകയായി നിൽക്കുകയാണ്. ഈ നെടുമങ്ങാട്ടെ ജീവിക്കുന്ന ഒരു വിശുദ്ധനാണ് പ്രിയപ്പെട്ട ഗബ്രിയേൽ അച്ചൻ.

പ്രിയപ്പെട്ട അച്ചാ, വൈദിക ശുശ്രൂഷയെ പിന്നിട്ട 50 വർഷങ്ങൾ അനുസ്മരിച്ച് അച്ചനോട് ചേർന്ന് ഞങ്ങളും ദൈവത്തിന് നന്ദിപറയുന്നു. ഈ മക്കൾക്ക് വേണ്ടി അച്ചൻ പ്രാർത്ഥിക്കു മെന്നറിയാം. ഒരിക്കൽക്കൂടി സുവർണ്ണജൂബിലി യുടെ മംഗളങ്ങൾ എന്റെയും എന്റെ കുടുംബാം ഗങ്ങളുടെ, അച്ചനെ സ്നേഹിക്കുന്ന എല്ലാ മക്ക ളുടെയും, ഈ പ്രദേശത്തിന്റെ പേരിൽ ആശം സിക്കുന്നു. ഇനിയും അനേകം വർഷങ്ങൾ വൈദികശുശ്രൂഷയിൽ ഒരു ജ്വലിക്കുന്ന നക്ഷ ത്രമായി പ്രകാശിക്കുവാൻ നല്ലവനായ ദൈവം അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിക്കുന്നു. എന്റെ ജൂബിലി മംഗളങ്ങൾ.




Sacerdotal Golden Jubilee
Greetings & Prayerful Wishes

To

**Rev. Fr. Gabriel Thaikadavil OIC**

**TJ Cheriyan & Family**

**VENGAL SANTHIBHAVAN**


Pongumood




www.malankaralibrary.com

# ഓർമ്മ

**ബി.ഒ. ചിത്രസേനൻ**




അക്ഷരത്തിൻ തുടക്കമതുമുത-
ലച്ചനെന്നെ പഠിപ്പിച്ച വാക്കുകൾ
ആദിയിങ്കൽ വചനമായമ്മയാ-
യിന്നുമെൻ നാവിലൂറിയുയരുന്നു
അമ്മയെന്നു, മണൽപ്പരപ്പിങ്കലായ്-
പിഞ്ചു കൈവിരൽ നീന്തികളിയ്ക്കവേ
മുത്തശ്ശിയെന്നെ യോരോന്നു ചൊല്ലിച്ചും
തല്ലുതന്നു പഠിപ്പിച്ച നാളുകൾ
ഏറെയായതിന്നോർമ്മകൾ നീളവേ-
വേദനയാലുയരുന്നു മാനസം
തല്ലുതന്നതിൽ, കല്ലെറിഞ്ഞമ്മയെ
കണ്ണുനീരൊലിപ്പിച്ചതിന്നോർക്കുമ്പോൾ
എന്തു ക്രൂരത കാട്ടിഞാനന്നെന്നു-
മിന്നു വേദന കൊള്ളുന്നു മാനസം
കണ്ണുനീരന്നു തൂകിയോരമ്മയെ
പിന്നെ ഞാൻ കണ്ടു നീളുന്ന നിദ്രയിൽ.
നിത്യവുമെനിക്കമ്മൂമ്മ നല്കിടു-
മിത്തിരി ക്കഞ്ഞിവെള്ളവും ചോറുമായ്
ഇന്നുമെൻ നാവിലൂറിയുയരുന്നു-
ണ്ടന്നത്തെ കഞ്ഞിവെള്ളത്തിൽ സ്വാദിമ.
കൊച്ചു പണ്ടത്തെ പള്ളിക്കൂടത്തിലായ്
കൊച്ചണി വിരൽ തുള്ളിക്കളിക്കവെ
കൂട്ടരായിട്ടു വേറെയുണ്ടാളുകൾ
കുട്ടനും കൊച്ചുകുഞ്ഞനും ഖാസിമും
അക്ഷരത്തിൻ മഹത്വമറിഞ്ഞീടാൻ
അർത്ഥമോരോന്നറിയച്ചോരമ്മൂമ്മ
അക്ഷരം തൊട്ടങ്ങക്കങ്ങൾ ചൊല്ലിയു-
മിപ്പൊഴും നില്ക്കുന്നെന്നുടെ മുമ്പിലായ്
ഏറെ വർഷം കഴിഞ്ഞുപോയെങ്കിലും
ഓമനത്തിങ്കൾ പാടിയോരാമുഖം
മോണകാട്ടി ചിരിച്ചുകൊണ്ടെൻമനോ-
രാജ്യമിന്നു മലങ്കരിക്കുന്നൂഹാ!
അന്നുമിന്നു മാ പ്രജ്വല ദീപമെൻ
ഹൃത്തടം തന്നിലക്ഷരവർഷമായ്
ശുദ്ധമാർഗ്ഗം തെളിയ്ക്കും സ്മൃതിയതി-
ലെപ്പൊഴും കാണും മുത്തശ്ശിയമ്മയെ.



www.malankaralibrary.com

# മദ്യപാനം മൃത്യുപാനം



നെടുമങ്ങാട് അനിൽകുമാർ

"അധികമായാൽ അമൃതും വിഷമാണ്" എന്ന ചൊല്ലിനെക്കുറിച്ച് അറിയാത്തവരായി ആരുമുണ്ടാവില്ല. നല്ലതെന്നു കരുതി ആവശ്യത്തിലധികം കുടിച്ചാൽ അത് ദോഷം ചെയ്യും എന്നാണ് ഇതിന്റെ പൊരുൾ. ചില വലിയ ആശുപത്രിച്ചുവരുകളിൽ രേഖപ്പെടുത്തിയ ഒരു പരസ്യവാചകം ചിലരുടെയെങ്കിലും ശ്രദ്ധയിൽ പെട്ടുകാണും. "മരുന്ന് അധികമായാൽ വിഷമാണ്" രോഗനിവാരണത്തിനാവശ്യമായ മരുന്നുകൾ അളവിൽകൂടുതൽ കഴിച്ചാൽ മരണം തന്നെ സംഭവിക്കുമെന്നുള്ളതാണ് ഇതിന്റെയും സാരം. ഇങ്ങനെ നോക്കുമ്പോൾ മനുഷ്യനെ മത്തനാക്കുന്ന മദ്യത്തിന്റെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇന്ന് കേരളം അതിഭയങ്കരമായ മദ്യമാഫിയകളുടെ കരാള ഹസ്തങ്ങളിൽ അമർന്നിരിക്കുകയാണ്.

കേരളത്തിലെ അയിത്താചാരങ്ങളുടെ തീവ്രത കണ്ട് ഞെട്ടിപ്പോയ സ്വാമിവിവേകാനന്ദൻ പറഞ്ഞത് "കേരളം ഭ്രാന്താലയം" എന്നാണ്. ഇന്ന് അയിത്താചരണത്തിന് അല്പം അറുതിവന്നെങ്കിലും മുന്നേറുന്ന ഒരു സാമൂഹ്യദുരാചാരമായിമാറിയിരിക്കുകയാണ് മദ്യപാനം. വർത്തമാനകാലകേരളത്തിന്റെ ഈ മദ്യാപാന ചിന്ത മനസ്സിലാക്കിയാൽ "കേരളം മദ്യാലയ" മാണെന്ന സ്വാമിജിയുടെ വാക്കുകൾ ഉദ്ധരിച്ച് തിരുത്തുകയേ നിവൃത്തിയുള്ളൂ. അത്രയ്ക്ക് രൂക്ഷമായി ഇവിടെ മദ്യം ഒഴുകുകയാണ്. ആരെതിർത്താലും വൻകിടക്കാരായ ഈ മദ്യമാഫിയാ കുത്തകക്കാരുടെ മുമ്പിൽ ഭരിക്കുന്നവരും ഭരണീയരും നിസ്സഹായകരാകുന്നു. ഭൂവറകളിൽ സ്പരിറ്റിന്റെ വൻശേഖരങ്ങൾ! ഇന്ന് ഏത് ഓണം കേറാമൂലയിൽപ്പോലും സ്പരിറ്റിനെപ്പറ്റിപറയാനാണ് ആളുക്കൾക്ക് 'സ്പിരിറ്റ്'.

അയിത്താചാരത്തെ നഖശിഖാന്തം എതിർത്തുപോലെ മദ്യത്തെയും ശ്രീനാരായണഗുരു എതിർത്തു. "മദ്യം വിഷമാണ്, അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്" എന്നദ്ദേഹം



www.malankaralibrary.com

ഉപദേശിച്ചു. ശ്രീകൃഷ്ണന്റെ യാദവവംശം നശിച്ചത് മദ്യപാനം കൊണ്ടാണെന്നു പറയുമ്പോൾ തലമുറകളെ അവശേഷിപ്പിക്കാതെ ഒരു വംശത്തിന്റെ ഉന്മൂലനാശത്തെയാണ് സൂചിപ്പിക്കുന്നത്. മഹാഭാരതത്തിലെ ഋശ്യശൃംഗന്റെ കഥയിൽ, അദ്ദേഹത്തെ വശപ്പെടുത്താനെത്തിയ വാരാനാരിയെപ്പറ്റി വർണ്ണിക്കുന്നുണ്ട്. വിവേചനബുദ്ധിയില്ലാത്ത ഋശ്യശൃംഗന്റെ അവതരണത്തിൽ അയാൾ അച്ഛനോട് ഇങ്ങനെ പറയുന്നു. "ആ ഉദാരരൂപൻ, നല്ലരസമുള്ള കുടിനീരു നല്കി. അതു കുടിച്ചതോടെ വല്ലാത്ത തരിപ്പുണ്ടായെന്നും നിലം തിരിയുന്നതുപോലെ തോന്നിയെന്നും" വിഭാണ്ഡകന് ആ കുടിനീര് എന്താണെന്ന് മനസ്സിലാക്കാൻ രണ്ടുവട്ടം ചിന്തിക്കേണ്ടിവന്നില്ല. അദ്ദേഹം പ്രിയപുത്രനോട് പറഞ്ഞു. "ആ തന്ന കുടിനീർ മദ്യമാണ്, അത് കുടിക്കരുത്. പാപമാണ്" വിഭാണ്ഡകൻ പറഞ്ഞ ആ പാപം ഇന്ന് ജനസമൂഹത്തിലേക്ക് ഒഴുകിപ്പരക്കുന്നു. ഇവിടെ അച്ഛനും മകനും മത്സരിച്ച് മദ്യം കുടിക്കുന്നു.

എന്തിന് മദ്യപിക്കുന്നുയെന്നുള്ള ചോദ്യത്തിനുത്തരങ്ങൾ രസകരങ്ങളാണ്. ദുഃഖം, വേദന, കുറ്റബോധം, തോല്വി, ഇച്ഛാഭംഗം, ഉത്കണ്ഠ, ഉത്തരാവദിത്വം എന്നീ പ്രശ്നങ്ങളിൽ നിന്ന് രക്ഷ നേടാനാണെന്ന് ചിലർ, എന്നാൽ ഒരു രസത്തിന് സുഖംനേടാൻ, ചിന്തിക്കാൻ, സ്വപ്നലോകത്ത് വിഹരിക്കാൻ എന്നൊക്കെ മറ്റുചിലർ, ചുരുക്കിപ്പറഞ്ഞാൽ ജീവിതത്തിന്റെ സുഖത്തിലും ദുഃഖത്തിലും ഈ വിന വിദേശമദ്യമായും കള്ളായും ചാരായമായും കടന്നുക്കൂടിയിരിക്കുന്നു. ഇന്ന് പ്രായഭേദമില്ലാതെ ആരെയും ഗ്രസിച്ചിരിക്കുന്ന ഈ മദ്യപാനശീലം അപത്കരമാണ്. എപ്പോൾ വേണമെങ്കിലും കിട്ടാവുന്ന തരത്തിൽ ഇത് തയ്യാറാക്കുന്നു.

മദ്യസക്തി എല്ലാ വിഭാഗം ജനങ്ങളെയും കീഴ്പ്പെടുത്തിയിരിക്കുന്നു. നഗരപ്പകിട്ടിൽ നിന്ന് ഗ്രാമീണ തനിമയിലേക്ക് വ്യാപിച്ചിരിക്കുന്നു. ഇന്നത്തെ ഫാഷൻ ജീവിതത്തിൽ സമ്പന്നതയുടെ ധാരാളിത്തം കാണിക്കാൻ പാർട്ടികളിലും മറ്റും മദ്യസല്ക്കാരം നടത്തുന്നു. എന്തിനേറെ സ്ത്രീകളും കുട്ടികളുംവരെ മദ്യം കഴിച്ച് നശിക്കുന്നതായാണ് വാർത്തകൾ. യുവാക്കളിലും പ്രായമേറിയവരിലുമാണ് മദ്യാസക്തി കൂടുതലായി കാണുന്നത് എന്ന് പഠനം തെളിയിക്കുന്നു. മദ്യം ഒരിയ്ക്കലും ഒരു സംസ്ക്കാരത്തെയും പോഷിപ്പിച്ചട്ടില്ല. മറിച്ച്, ദീർഘകാലത്തെ ശ്രമഫലമായി കെട്ടി ഉയർത്തിയ നേട്ടങ്ങളെ തച്ചുടച്ചിട്ടേയുള്ളൂ.

മഹാഭാരതത്തിൽ ഇങ്ങനെയൊരു കഥയുണ്ട്. മൃതസഞ്ജീവനി മന്ത്രം പഠിക്കാനെത്തിയ കചനെ നശിപ്പിക്കാൻ അസുരന്മാർ പല വേലകളും നോക്കി. അതിലൊന്ന്, കചനെ ചുട്ടുകരിച്ചു ചാമ്പലാക്കി മദ്യത്തിൽ കലർത്തി ഗുരുവായ ശുക്രന് നല്കിയെന്നാണ്. കഥയറിയാതെ ശുക്രൻ മദ്യം മോന്തിക്കുടിച്ചു. അവസാനം കപനിൽ നിന്നു തന്നെ ഈ കഥ ശുക്രാചാര്യൻ അറിഞ്ഞു. അദ്ദേഹത്തിന് മദ്യത്തോടും മദ്യപാനശീലത്തോടും വെറുപ്പും വിരോധവും തോന്നി. അദ്ദേഹം പറഞ്ഞു. "ഇന്നുമുതൽ മദ്യപാനം നിക്ഷിദ്ധമായിത്തീരട്ടെ. മദ്യം കഴിക്കുന്നവർ മറ്റുള്ളവരുടെ നിന്ദാപാത്രമാവുകയും അധാർമ്മികനാവുകയും ചെയ്യട്ടേ. മനുഷ്യരാശിക്കുള്ള എന്റെ ഈ സന്ദേശം അലംഘനീയമായ ഒരു തത്ത്വമായി അംഗീകിരിക്കട്ടെ"! എന്ത്? ഈ തത്ത്വം നമ്മൾക്കും അംഗീകരിച്ചുകൂടെ?



www.malankaralibrary.com

# സ്വയംതൊഴിൽ സംരംഭകർക്ക് തൃപ്പാദം ഒരു വഴികാട്ടി

**വേങ്കവിള സുരേഷ്**
(പ്രസിഡന്റ് നവഭാവന ഗ്രന്ഥശാല & സാംസ്കാരിക സമിതി)

കേരളത്തിൽ അതിരൂക്ഷമായി തൊഴിലില്ലായ്മ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണല്ലോ? ജനസംഖ്യയും അവരുടെ വിദ്യാഭ്യാസ ആരോഗ്യനിലയും മെച്ചപ്പെട്ട് മുന്നോട്ട് പോകുന്നു. നമ്മുടെ കൊച്ചുകേരളത്തിൽ, ജീവിക്കാൻ ഒരു തൊഴിലിനുവേണ്ടി ദുരിതമനുഭവിക്കുന്ന വരുടെ എണ്ണം വളരെ വലുതാണ് സാങ്കേതിക വിദ്യാഭ്യാസം സർവ്വവ്യാപകമായപ്പോഴും പഠിച്ച വിദ്യ പരിശീലിക്കുവാനും തത്ദ്വാര ഒരു തൊഴിലായി അത് പരിഗണിച്ച് കുടുംബജീവിതം നയിക്കുവാനും നമുക്ക് എല്ലാവർക്കും അനുയോജ്യമായ സങ്കേതങ്ങൾ കണ്ടെത്തുവാനും ഇന്നും കഴിഞ്ഞിട്ടില്ല. പ്രസ്തുത സാഹചര്യം നാം കണക്കിലെടുക്കുമ്പോൾ "തൃപ്പാദം" ഒരു മാതൃകാ സ്ഥാപനമായി മാറികൊണ്ടിരിക്കുകയാണ്.

പൗരോഹിത്യസുവർണ്ണജൂബിലി അഘോഷിക്കുന്ന റവ: ഫാദർ ഗബ്രിയേൽ O.I.C. കഴിഞ്ഞ 30 വർഷങ്ങൾക്ക് മുൻപ് നമ്മുടെ പ്രദേശത്ത് സ്ഥാപിച്ച ബഥനി സന്യാസ ആശ്രമമാണ് ഇന്ന് തൃപ്പാദം സെന്ററായി അറിയപ്പെടുന്നത്. ജനസമൂഹത്തിൽ തൃപ്പാദം പ്രവർത്തനങ്ങൾക്ക് കൂടുതൽ അംഗീകാരം നേടി മുന്നേറുമ്പോൾ വാസ്തവത്തിൽ റവ: ഫാദർ ഗബ്രിയേൽ വിജയശ്രീലാളിതനായി ഓരോ സുമനസ്സിലും പ്രതിഷ്ഠ നേടുകയാണ് ചെയ്യുന്നത്.

മഹാത്മജിയുടെ സ്വാശ്രയഗ്രാമം എന്ന സങ്കല്പം ഇവിടെ ഏതാണ്ട് പൂവണിയുകയാണ്. കുടിൽ വ്യവസായങ്ങളും, കൈതൊഴിൽ വിദ്യകളും, ഇവിടെ സാക്ഷാത്ക്കരിക്കപ്പെടുന്നു. കൈകൊണ്ട് നിർമ്മിക്കുന്ന - നൂൽ വളകൾ, ചിരട്ടശില്പങ്ങൾ, ആലിലസംസ്ക്കരണം, ആലിലയിൽ വരയ്ക്കുന്ന മനോഹര ചിത്രങ്ങൾ, സാമ്പ്രാണിതിരി നിർമ്മാണം ചർക്കയും നൂൽനൂ



www.malankaralibrary.com

ല്പ്പും, കൈത്തറി നെയ്ത്തു തുണി ഉല്പാദനം തുടങ്ങിയവ തൃപ്പാദത്തിന്റെ അഭിമാനങ്ങളായി അറിയപ്പെടുന്ന തൊഴിൽ മേഖലകളാണ്.

തൊഴിലില്ലാത്ത നിരവധി വിദ്യാസമ്പന്നരായ യുവതികൾക്കും വീട്ടമ്മമാർക്കും കുടുംബജീവിതം നയിക്കുവാൻ തൃപ്പാദം ഒരു അനുഗ്രമായി മാറിക്കഴിഞ്ഞു. വ്യക്തികളുടെ തത്ത്വചിന്തകൾക്കും വിശ്വാസപ്രമാണങ്ങൾക്കും ഈ ജീവിതമേഖല ഒരു പ്രതിബന്ധവും സൃഷ്ടിക്കുന്നില്ല. മറിച്ച് സാമൂഹ്യപ്രസ്ഥാനങ്ങൾ എന്ന് നടിച്ചു നടക്കുന്ന ചുരുക്കം ചില പ്രസ്ഥാനങ്ങൾക്കും വ്യക്തികൾക്കും ഇതൊരു അപവാദവുമാണ്.

സാമൂഹ്യ സാംസ്ക്കാരിക മേഖലകളിലും ഈ സ്ഥാപനം വിവിധങ്ങളായ പരിപാടികൾ ആവിഷ്ക്കരിക്കുകയും, നടപ്പിൽ വരുത്തുകയും ചെയ്തുവരുന്നുവെന്നുള്ളതും വളരെ ശ്ലാഘനീയമാണ്. അശരണർക്കും, ആലംബഹീനർക്കും, തൃപ്പാദം ഒരു അത്താണി കൂടിയാണ്. പാവപ്പെട്ട രോഗികൾക്ക് സൗജന്യ മരുന്നുവിതരണവും സാമ്പത്തിക ദുരിതർക്ക് നിത്യവൃത്തിക്ക എളിയ സാമ്പത്തിക സഹായവും മറ്റ് സേവനങ്ങളും ചെയ്തുകൊടുത്ത് തൃപ്പാദം ഇന്ന് അക്ഷരാർത്ഥത്തിൽ ഒരു മഹത് പ്രസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നു.

ഗാന്ധിജിയുടേയും, മദർതെരേസയുടെയും ജീവിതപാഠവം ഉൾക്കൊണ്ട് കരുത്താർജ്ജിക്കുന്ന ഒരു കർമ്മയോഗിയായിട്ടെ നമുക്ക് ഇവിടെ ഗബ്രിയേലച്ചനെ കാണാൻ കഴിയൂ. ഈ അവസരത്തിൽ അദ്ദേഹത്തിന് എന്റെ സ്നേഹോഷ്മളമായ ആശംസകൾ അർപ്പിക്കുന്നു.




Sacerdotal Golden Jubilee
Greetings & Prayerful Wishes

To

**Rev. Fr. Gabriel Thaikadavil OIC**

CLASSIC VIDEOS

**NEDUMANGAD**




www.malankaralibrary.com

# തൃപ്പാദം തുടർവിദ്യാകേന്ദ്രം

**ആർ. ശുഭമണി പ്രേരക്**

സാമൂഹ്യ പരിഷ്കർത്താവും, ഉൽപ്പതിഷ്ണുവും അനാഥപാലകനും ദുഃഖിതരുടെ കണ്ണീരൊപ്പുന്നവനുമായ ഗബ്രിയേലച്ചന്റെ സാമീപ്യം കൊണ്ട് ധന്യമായിത്തീർന്ന മഹദ്സ്ഥാപനമാണ് തൃപ്പാദം ബഥനി ആശ്രമം. 12.09.1999–ൽ ആരംഭിച്ചിച്ച സാക്ഷരതാമിഷന്റെ നേതൃത്വത്തിലുള്ള തുടർവിദ്യാകേന്ദ്രത്തിന്റെ ആവിർഭാവം ഈ സ്ഥാപനത്തിന്റെ മഹിമയ്ക്ക് മാറ്റുകൂട്ടുന്നു. തുടർവിദ്യാകേന്ദ്രം തൃപ്പാദത്തിൽ കൊണ്ടുവരുന്നതിനും അതിന്റെ തുടർന്നുള്ള പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിനും ഗബ്രിയേലച്ചൻ വഹിച്ച പങ്ക് സ്തുത്യർഹമാണ്. അനിതരസാധാരണമായ വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം. അശരണർക്ക് അഭയസ്ഥാനമാണ് തൃപ്പാദ ആശ്രമം.

നവസാക്ഷരർ, സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയ കുട്ടികൾ, തുടർന്ന് പഠിക്കാൻ കഴിയാത്തവർ, അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ വിജയിച്ചുവന്നവർ ആജീവാനന്ത വിദ്യഭ്യാസത്തിൽ താത്പ്പര്യമുള്ള സമൂഹത്തിലെ മുഴുവൻ അംഗങ്ങൾ തുടങ്ങി എല്ലാപേരെയും ഉൾക്കൊള്ളിച്ചുകൊണ്ട് "ഏവർക്കും വിദ്യാഭ്യാസം എന്നെന്നും വിദ്യാഭ്യാസം" എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംസ്ഥാന സാക്ഷരതാമിഷന്റെ കീഴിലുള്ള തൃപ്പാദം തുടർവിദ്യാകേന്ദ്രത്തിലൂടെ സമൂഹത്തിന്റെ വിവിധമേഖലകളിൽ ഉപയോഗപ്രദമായ കാര്യങ്ങൾ ചെയ്യുന്നതിന് ചുക്കാൻ പിടിക്കുന്ന റവ. ഫാദർ ഗബ്രിയേൽ O.I.C. യ്ക്ക് തൃപ്പാദം തുടർവിദ്യാകേന്ദ്ര ഉപദേശകസമിതി അംഗങ്ങളുടെ ഹാർദ്ദവമായ നന്ദി രേഖപ്പെടുത്തുന്നു.

ലൈബ്രറി, റീഡിംഗ്റൂം, പഠനകേന്ദ്രം, പരിശീലന കേന്ദ്രം, ഇൻഫർമേഷൻ സെന്റർ, ചർച്ചാവേദി, വികസന കേന്ദ്രം, സാംസ്ക്കാരിക കേന്ദ്രം, സ്പോർട്സ് സെന്റർ കൂടാതെ ഒട്ടനവധി സ്ത്രീകൾക്ക് തൊഴിൽ നൽകിക്കൊണ്ടും അശരണർക്ക് പലവിധത്തിലുള്ള സഹായം ചെയ്തുകൊണ്ടും തൃപ്പാദം തുടർവിദ്യാകേന്ദ്രത്തെ സമൂഹത്തിന്റെ ഒരു പ്രധാനകണ്ണിയായി കൂട്ടിച്ചേർക്കുവാൻ ശ്രമിക്കുന്ന അച്ചന് മേൽക്കുമേൽ ഐശ്വ



www.malankaralibrary.com

ര്യവും യശസ്സും ജഗദീശ്വരൻ നൽകുമാറാകട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

തൃപ്പാദം തുടർവിദ്യാകേന്ദ്രത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളിലേയ്ക്ക് ഒരെത്തിനോട്ടം.

**ബോധവൽക്കരണ ക്ലാസ്സുകൾ**

1. മാനസികാരോഗ്യ ബോധവൽക്കരണ പരിപാടി. ക്ലാസ്സും ചർച്ചയും.

തൃപ്പാദം തുടർവിദ്യാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വേണാട് ഗിൽഡ് ഓഫ് സൈക്യാട്രിസ്റ്റ്, മാനസികാരോഗ്യകേന്ദ്രം തിരുവനന്തപുരം എന്നിവയുടെ സഹകരണത്തോടുകൂടി ജില്ലാ മാനസികാരോഗ്യകേന്ദ്രം നടത്തിയ ഈ പരിപാടിയിൽ സൂപ്രണ്ട് ഡോക്ടർ എസ്. ജയറാം, ഡോക്ടർ എസ്.കെ.വിജയചന്ദ്രൻ, ഡോക്ടർ എ. അബ്ദുൽ ബാരി, ഡോക്ടർ ഗിരീഷ്, ശ്രീ. പ്രതാപചന്ദ്രൻ, ഡോക്ടർ അബ്ദുൽ റഷീദ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

2. മദ്യവിപത്തിനെതിരെയുള്ള ബോധവൽക്കരണ സെമിനാറും റാലിയും.

19.12.2000

തൃപ്പാദം തുടർവിദ്യാകേന്ദ്രം

ജില്ലാ സാക്ഷരതാമിഷൻ, നെടുമങ്ങാട് മുനിസിപ്പാലിറ്റി, ദേശീയവേദി തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഈ പരിപാടിയിൽ പ്രമുഖവ്യക്തികൾ പങ്കെടുത്തു.

**മറ്റ് പ്രവർത്തനങ്ങൾ**

1 നിരക്ഷരരെ കണ്ടുപിടിച്ച് എഴുത്തും വായനയും പഠിപ്പിക്കുന്നു.

2 ഓണാഘോഷവും റിപ്പബ്ലിക് ദിനാഘോഷവും ആർഭാടപൂർവ്വം കൊണ്ടാടി.

3 5 തറികൾ ഉള്ള ഒരു നെയ്ത്തുസെന്റർ പ്രവർത്തിക്കുന്നു.

4 വിവിധ ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

5 സൗജന്യ ട്യൂഷൻ സെന്റർ പ്രവർത്തിക്കുന്നു.

6 നിർദ്ധനരായ കുട്ടികൾക്ക് 400 നോട്ടുബുക്കുകളും 25 പേർക്ക് സൗജന്യയൂണിഫോമും വിതരണം ചെയ്തു.

7 തൃപ്പാദം അന്തേവാസിയായ അന്ധനായ അനിൽകുമാറിന്റെ നേതൃത്വത്തിലുള്ള ഒരു മ്യൂസിക് ട്രൂപ്പും ഇവിടെ പ്രവർത്തിക്കുന്നു.

8 സ്ക്കൂളുകളിലെയും കോളെജുകളിലെയും കുട്ടികളെ വിവിധതരം കലാവാസന വളർത്തുന്നതിന് പ്രോത്സാഹനം കൊടുക്കുന്നു.


ഇനിയും ഈ കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ പൂർവ്വാധികം ഭംഗിയോടെ നടത്തുന്നതിനുള്ള ശക്തിയും ദീർഘായുസ്സും ഗബ്രിയേലച്ചന് ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

തൃപ്പാദം തുടർവിദ്യാകേന്ദ്രം.



www.malankaralibrary.com

# അശരണരുടെ ഗബ്രിയേലച്ചൻ



**കെ. സോമശേഖരൻ നായർ Ex. MLA**

നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ നാലാം വാർഡിൽ അശരണർക്ക് ഒരു അഭയ കേന്ദ്രമുണ്ട്. "തൃപ്പാദം" എന്നാണതിന്റെ പേര്. ആ ആശ്രമം സ്ഥാപിതമായിട്ട് 30 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു.

ആ സ്ഥാപനത്തിനു വളരെ അടുത്താണ് നെടുമങ്ങാട് ബ്ലോക്ക് ഗ്രാമപഞ്ചായത്തിന്റെ കാര്യാലയം - പഴയ ബ്ലോക്കാഫീസ്. അവിടെ നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ആറു ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര അവകാശങ്ങളിൽപ്പെട്ട വികസനകാര്യങ്ങൾ ചർച്ച ചെയ്യുന്നു. തീരുമാനങ്ങൾ കൈക്കൊള്ളുന്നു. തീരുമാനങ്ങൾ പ്രാവർത്തികമാക്കാനുള്ള സമ്പത്ത് ഖജനാവിൽ നിന്നും ലഭിക്കുന്നു. ഭരണകാര്യങ്ങൾ കൈകാര്യം ചെയ്യാൻ ജനാധിപത്യഭരണക്രമമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ട്.

തൃപ്പാദം ബഥനി ആശ്രമത്തിലും ചർച്ചകൾ നടക്കുന്നു. തീരുമാനങ്ങളെടുക്കുന്നു. അവ നടപ്പിലാക്കുകയും ചെയ്യുന്നു. ചർച്ചകൾ ആഗോളവത്ക്കരണത്തെക്കുറിച്ചോ, ഉദാരവൽക്കരണത്തെക്കുറിച്ചോ സ്വകാര്യവത്ക്കരണത്തെ സംബന്ധിച്ചോ അല്ല. വിശാലമായ അർത്ഥത്തിൽ അങ്ങനെയും വേണമെങ്കിൽ പറയാം.

തൃപ്പാദത്തിൽ ആലംബഹീനരുടെയും അശരണരുടെയും കാര്യം, ഉറ്റവരും ഉടയവരും ഉണ്ടെങ്കിലും, പ്രായാധിക്യവും പണമില്ലായ്മയും കാരണം കുടുംബത്തിൽ നിന്നു പുറത്താക്കപ്പെട്ട വയോവൃദ്ധരുടെ കാര്യം, മാതാപിതാക്കളില്ലാത്ത കുഞ്ഞുങ്ങളുടെ കാര്യം, ഉപജീവനമാർഗ്ഗമില്ലാതെ നാട്ടിനും വീട്ടിനും ഭാരമായി തീർന്നിരിക്കുന്ന യുവതീയുവാക്കന്മാരുടെ കാര്യം, മതേതരത്വം, നിരക്ഷരത്വം, സാമൂഹിക സാംസ്കാരിക രംഗത്തു സംഭവിച്ചിരിക്കുന്ന മൂല്യച്യുതി തുടങ്ങിയ കാര്യങ്ങൾ സമൂഹത്തിലെ തിന്മകൾ തുടങ്ങിയവ ചർച്ചചെയ്യുന്നു. അവ ഇല്ലാതാക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുന്നു, മാർഗ്ഗങ്ങൾ കണ്ടുവിടിക്കുന്നു, നടപ്പിലാക്കന്നു.



www.malankaralibrary.com

തൃപ്പാദത്തിന്റെ ഭരണകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതും, പദ്ധതികൾ ചർച്ച ചെയ്യുന്നതും നടപ്പിലാക്കുന്നതും, ഗബ്രിയേലച്ചനും സഹപ്രവർത്തകരും ഒരു വട്ടമേശക്ക് ചുറ്റുമിരുന്നു ആലോചിച്ചും, ആവശ്യമെന്നുകണ്ടാൽ വിദഗ്ധ ഉപദേശങ്ങൾ തേടിയും ആകുന്നു. ആവശ്യമായ ധനസഹായം ഉദാരമതികൾ സംഭാവനയായി നൽകുന്നു.

കഴിഞ്ഞ 30 വർഷങ്ങൾക്കിടയിൽ തൃപ്പാദത്തിൽ നടപ്പിൽ വരുത്തിയ പദ്ധതികളും കർമ്മ പരിപാടികളും കുറ്റമറ്റതാണെന്ന അഭിപ്രായമൊന്നും എനിക്കില്ല. എന്നാൽ അവയൊന്നും പരാജയമായിരുന്നില്ല, പരോപകാരപ്രദമായിരുന്നു.പദ്ധതികളിൽ, ചിലത് കൈനഷ്ടമാണെങ്കിലും അവയൊന്നും ആദരണീയനായ ഗബ്രിയേലച്ചൻ മുൻകൈ എടുത്തു നിർത്തിയിട്ടില്ല. പണിയെടുക്കുന്നവരുടെ ഇഷ്ടാനുഷ്ടങ്ങൾ ആണ് ഓരോ സ്ഥാപനത്തിന്റെയും നിലനില്പും വളർച്ചയുമെന്നു പൂർണ്ണമായും വിശ്വസിക്കുന്ന ഒരു വിശാലമനസ്ക്കനാണ് റവ. ഫാദർ ഗബ്രിയേൽ.

തൃപ്പാദ പദ്ധതി പ്രവർത്തനങ്ങളിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നതും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതും വൃദ്ധസദനത്തിനാണ്. വൃദ്ധസദനത്തിൽ ഇപ്പോൾ 75 പേർ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടെ അന്തേവാസികളായിട്ടുണ്ട്. അവരിൽ കേരളീയർ മാത്രമല്ല. ഭാരതത്തിലെ വിവിധസംസ്ഥാനത്തിലുള്ളവരും ഉൾപ്പെടുന്നു. മന്ദബുദ്ധികളും മനോരോഗികളും അവിടെ പാർക്കുന്നു. ഹൃദ്രോഗികളുടെയും തീരാവ്യാധിപിടിപ്പെട്ടവരുടെയും കാര്യങ്ങൾ ശ്രദ്ധാപൂർവ്വം നോക്കുന്നു. ഔഷധങ്ങൾ കൃത്യമായി കൊടുക്കുന്നതിനും മറ്റു ശുശ്രൂഷകൾ നല്കുന്നതിനും നിസ്വാർത്ഥമതികളായ, സ്നേഹസമ്പന്നകളായ Sisters -നെ തന്നെ നിയോഗിച്ചിട്ടുണ്ട്. സിസ്റ്റർ അനുഗ്രഹയും, സിസ്റ്റർ ഈശോദാതയും വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് ഒരനുഗ്രഹം തന്നെയാണ്.

തൃപ്പാദത്തിൽ തൊഴിൽപരമായ പരിശീലനം നല്കുന്നതിന് ഓരോ തൊഴിലിലും വൈദഗ്ദ്ധ്യം നേടിയവരെ നിയമിച്ചിട്ടുണ്ട്. വേതനം അവർക്കൊരു പ്രശ്നമല്ല; സേവനമാണ് അവർ കാംക്ഷിക്കുന്നത്.

ഒരു നേരത്തെ ആഹാരത്തിനുപോലും വഴിയില്ലാതിരുന്ന സ്ത്രീപുരഷന്മാരും പ്രായപൂർത്തിയായവരും അല്ലാത്തവരുമായ യുവതീയുവാക്കന്മാരും ഉൾപ്പെടെ 300-ഓളം പേർ ജോലി ചെയ്യുന്നു. ന്യായമായ പ്രതിഫലവും ലഭിക്കുന്നു.

ജാതിമതഭേദമന്യെ, അവശരും ആലംബഹീനരുമായ അനേകം പേർക്ക് അത്യാന്താപേക്ഷിതമെന്ന് അച്ചനു പൂർണബോദ്ധ്യം വന്നാൽ അവർക്കു ചെറിയതോതിൽ സാമ്പത്തിക സഹായം ആശ്രമത്തിന്റെ കഴിവിനൊത്തു നല്കിവരുന്നു. അരയാലിന്റെ ഇലകൾ ബ്ലീച്ച് ചെയ്തെടുത്ത് അവയിൽ ഛായം കൊണ്ട് ചിത്രങ്ങളും ആശംസാകാർഡുകളും നിർമ്മിക്കുന്നു. സാമ്പ്രാണിത്തിരി നിർമ്മാണം, നെയ്ത്ത്, ചിരട്ട കൊണ്ട് കരകൗശലവസ്തുകൾ നിർമ്മാണം തുടങ്ങിയ കൈത്തൊഴിലുകൾ ഇവിടെ നടത്തിവരുന്നു.

മുപ്പത്തഞ്ചു വർഷങ്ങൾക്കുമുമ്പ് പരിചയപ്പെടാനും, അദ്ദേഹവുമൊത്ത് സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കാനും കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യത്തോടെ അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണജൂബിലിക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



www.malankaralibrary.com

# പരിത്രാണായ സാധൂനാം

**പ്രൊഫസർ ജോസഫ് കൈമാപറമ്പൻ**

തിരുവല്ലാ എം.ജി.എം. ഹൈസ്ക്കൂളിൽ ഫോർത്തു ഫാറത്തിൽ പഠിക്കുമ്പോൾ ഞാൻ മനഃപാഠമാക്കിയ പദ്യം ഇന്നും ഓർമ്മിക്കുന്നുണ്ട്.

"പരിത്രാണായ സാധൂനാം
വിനാശായ ചദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
സംഭാവാമിയുഗേയുഗേ"

വിദേശത്തുനിന്നു വന്ന് നാട്ടുകാരുടെ ഹൃദയം കവരുന്ന സാമൂഹ്യ പ്രവർത്തനങ്ങൾ മൂലം ഇവിടത്തുകാരേക്കാൾ ജനപ്രീതിനേടിയ ഫാദർ ഓണോരേ എസ്. ജെ. എം.സി.വൈ. എൽ. എന്ന യുവജനസംഘടനയുടെ സ്ഥാപകൻ – അന്തരിച്ച ശേഷം അദ്ദേഹത്തിന്റെ ജീവചരിത്രം പ്രമേയമാക്കി ഒരു കവിതയെഴുതാൻ എം.സി.വൈ.എൽ–ന്റെ പിൽക്കാല പ്രവർത്തകർ നിശ്ചയിച്ചു. പരസ്യം കണ്ടപ്പോൾ ഞാനും കവിതാമത്സരത്തിൽ പങ്കെടുക്കാൻ നിശ്ചയിച്ചു. ഞാൻ ഉദ്ധരിച്ച സംസ്കൃത പദ്യത്തിന്റെ സാരാംശം അന്നത്തെ കവിതാമത്സരത്തിന് ഉൾക്കൊള്ളിച്ചു.

"ധർമ്മവൈരല്യം ഭവിക്കുമ്പോൾ മുറ്റു–
മധർമ്മം വളർന്നു വരുകിലപ്പോൾ
ചിന്മയൻ കർത്താവു പാപവിധ്വംസന
ത്തിനവധൂതരെയാനയിപ്പൂ.

എന്നായിരുന്നു മഞ്ജരി വൃത്തത്തിലുള്ള എന്റെ കവിത. അന്നത്തെ അറിയപ്പെട്ട ഒരു കവിയും അദ്ധ്യാപകനുമായ തോണ്ടുമണ്ണിൽ രാമൻപിള്ളയ്ക്ക് ഒന്നാം സ്ഥാനവും എനിക്കു രണ്ടാം സ്ഥാനവും ലഭിച്ചു. എന്നാലും വിദ്യാർത്ഥിയായ എനിക്കാണ് അനുമോദനങ്ങൾ അധികം ലഭിച്ചത്.

പൂനായിൽ 'ഡിനോബിലി' കോളേജിൽ കഥാപ്രസംഗത്തിനെത്തിയ എനിക്ക് സദസ്യരിൽ കാവി ളോഹ ധരിച്ചിരുന്ന അച്ചനെ ഇഷ്ടപ്പെട്ടു. കാരണം അദ്ദേഹം എന്റെ കലാപരിപാടി രസിച്ചിരുന്നതു ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ഭർതൃഹരി രചിച്ച ഒരു പദ്യം ഇവിടെ സ്മരണീയമാണ്.

"ഇതരദോഷ ഫലാനിശതംശതം
ശിരസമേലിഖഹേചതുരാനനാ



www.malankaralibrary.com

അരസികേഷുകവിത്വ നിവേദനം
ശിരസിമാലിഖ മാലിഖ മാലിഖ"

ശിരോലിഖിതം എന്തുതന്നെയായാലും സഹിക്കാം. എന്നാൽ അരസികരുടെ മുമ്പിൽ കവിത പാടാനുള്ള ദുര്യോഗം ഉണ്ടാവരുതെ എന്നാണ് കവിയുടെ പ്രാർത്ഥന. എനിക്ക് പൂനായിൽ ആ കഷ്ടകാലം നേരിട്ടില്ലെന്നു മാത്രമല്ല നേരേമറിച്ച് സഹൃദയ സദസ്സിന്റെ അഭിനന്ദനം തന്നെ ലഭിക്കുകയും ചെയ്തു. മാത്രമല്ല സഃശിരകമ്പം കഥാപ്രസംഗവും കേട്ടിരുന്ന അച്ചനെ പരിചയെപ്പെടാനും ഇടയായി. നെടുമങ്ങാട്ട് "പരിത്രാണായ സാധൂനാം" ആയികഴിയുന്ന വന്ദ്യ ഗബ്രിയേലച്ചൻ ആ കാവിവസ്ത്രധാരിയാണ്. തിരുവല്ലായെപ്പറ്റി 'മയൂരസന്ദേശ'ത്തിൽ വലിയ കോയിത്തമ്പുരാൻ രചിച്ച പദ്യം ഗബ്രിയേലച്ചൻ തിരുവല്ലക്കാരനാണെന്നറിഞ്ഞപ്പോൾ അന്വർത്ഥമായിത്തോന്നി.

"ആണായുള്ളോർക്കധിവസതിയായ അഗ്രാമം കേരളത്തിൻ
തൂണായ് വിലസുമതിനസമമായ് ദൂരെയും രാജ്യമില്ല"

തിരുവല്ലാഖ്യ കൈക്കൊണ്ട ദേശത്തെപ്പറ്റിയുള്ള ഈ പ്രശംസ തിരുവല്ലായിൽ കറ്റോട്ടെ ഒരു സമ്മേളനത്തിൽ വിദ്വാൻ പി.സി. എബ്രഹാം പാടി. മുൻപിലിരുന്ന ഒരാൾ ചാടിയെഴുന്നേറ്റ്

"അപ്പോൾ തിരുവല്ലായിൽ പെണ്ണുങ്ങളില്ലേ?" എന്നു ചോദിച്ചു. പി.സി.യുടെ മറുപടി ചോദ്യത്തേക്കാൾ ആലോചാനാമൃതമായി "അവിടെ പെണ്ണുങ്ങളുണ്ട് പക്ഷേ അവർ ആണുങ്ങളേക്കാൾ സമർത്ഥരാണ്" അതുകൊണ്ട് ഗബ്രിയേലച്ചന്റെ രസകിത്വം നാടിന്റെ പാടവപാരമ്പര്യമായിക്കരുതി പൂനായിൽ നിന്ന് കേരളത്തിലെത്തിയ ശേഷം അദ്ദേഹത്തിന്റെ ശ്രദ്ധ ആതുരന്മാരുടെ ഉദ്ധാരണത്തിലായിരുന്നു. കുർബാനയർപ്പിച്ചുകഴിഞ്ഞാൽ കർത്താവിനെ കാണുന്നത് അദ്ദേഹം നിരാശ്രയരുടെ സങ്കേതത്തിലാണ്.

Come out of they mediatation open thy eyes
Your Lord is not before thee"

മഹാകവി ടാഗോറിന്റെ ആഹ്വാനമാദരിച്ച് പള്ളിയിൽ നിന്നും നേരെ പാവങ്ങളുടെ കണ്ണീരൊപ്പാൻ കനിഞ്ഞിറങ്ങിയ ഫാദർ ഗബ്രിയേൽ പുരോഹിതന്റെ കർത്തവ്യം നിർവ്വഹിക്കുന്നു. ദൈവം താമസിക്കുന്നത് മണിമേടകളിലോ ധനവാന്മാരുടെ സങ്കേതങ്ങളിലോ അല്ല. പ്രത്യുത

"ദീനരോദനം കേൾക്കുന്നിടങ്ങളിൽ
മ്ലാനമാം മുഖം കാണുന്നിടങ്ങളിൽ
തൃക്കഴലിണകൂപ്പുവാനെൻ തല
പുൽക്കൊടിയാലും താഴെയായ് താഴ്കിലും
എത്തിടുന്നില്ല തൃപ്പാദപാംസുവാ-
ലർപ്പിതങ്ങളാം താണോരിടങ്ങളിൽ"

പോരേ, ദൈവസന്നിധികണ്ടെത്താൻ കാംക്ഷിക്കുന്ന കരുണാലയന്മാർ എത്തേണ്ട സ്ഥലം എവിടമാണെന്ന് ഒരു സന്യാസവൈദികനായ ഫാദർ ഗബ്രിയേലനിനറിയാം. അതാണ് അദ്ദേഹം എത്തുന്നിടത്തെല്ലാം അശരണന്മാർ ആശ്രയം കണ്ടെത്തുന്നത്.

"ഇത്രധന്യത തികഞ്ഞു കാണ്മതി-
ല്ലത്രനൂനമൊരു സാർവഭൌമനിൽ
ചിത്തമാം വലിയ വൈരികീഴമർ


www.malankaralibrary.com

നത്തൽ തീർന്നയമിതന്നെ ഭാഗ്യവാൻ"

നളിനിയിലെ ദിവാകരന്റെ ഈ ചിത്രം സംയമധനനായ ഈ ആചാര്യനിൽ ഞാൻ കണ്ടിട്ടുണ്ട്. ഞാൻ പ്രസിഡന്റും ഗബ്രിയേലച്ചൻ സെക്രട്ടറിയായും രൂപീകരിച്ച 'സാധുജന സംരക്ഷണ സമിതി' എളിയ തോതിൽ പലതും പ്രവർത്തിച്ചിട്ടുണ്ട്. സ്വന്തം ആരോഗ്യംപോലും തൃണവൽഗണിച്ചു കൊണ്ടാണ് അദ്ദേഹം പ്രവർത്തനനിരതനായിരിക്കുന്നത്.

"ആർത്തസ്വരം കേട്ടൊരു കാതു കാതു
കാരുണ്യമാർന്നീടിന ദൃഷ്ടി ദൃഷ്ടി
സാധുക്കളെ താങ്ങിന ബാഹു ബാഹു
സാത്വോക്തിയോതീടിന ജിഹ്വ ജിഹ്വ"

അച്ചനെപ്പറ്റി സ്മരിക്കുമ്പോളെല്ലാം എന്റെ സ്മരണയിൽ തെളിയുന്ന വാക്ചിത്രം ഇതാണ്. കർത്തവ്യനിരതനായ അദ്ദേഹം ഇനിയും അനേകവർഷം ആരോഗ്യ ദൃഢഗാത്രനായി ജീവിതം നയിക്കുവാൻ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ

നമസ്ക്കാരമുപഗുപ്താ വരിക ഭവാൻ നിർവാണ

വിമുഖനാകാതെ വീണ്ടും ലോക സേവയ്ക്കായ്

പതിത കാരുണികരാം ഭവാ ദൃശ സുതന്മാരെ

ക്ഷിതി ദേവിക്കിന്നു വേണമധികം പേരെ.



Sacerdotal Golden Jubilee
Greetings & Prayerful Wishes

To

**Rev. Fr. Gabriel Thaikadavil OIC**

**KALLOOR ELECTRICALS & AGENCIES**

**NEDUMANGAD**



www.malankaralibrary.com

## Father Gabriel
# A true father for all

**Br. Tom**

God has created all men and women, and each one uniquely different, but none as unique as Father Gabriel, and very few as good. Father is a special child of God, and different from others, no one laughs like Father, no one looks like Father, others do not have his acceptance of the distressed and the overlooked, and of those with different views and opinions; his vision, his deep devotion to Jesus and His Mother. There is a mystic in him, and a poet, an able administrator, and a deep companion. Trappadam, his special creation, is also different. Surely it has added a new dimension to the vision and ministry of the Bethany Order. Father Gabriel sees Trappadam as a family and of that family he is a true father. His door is always open to all who come, and all do come, and speak (they may first have to wake him up. For he will have been at the computer 3 am. Father's hours are also different) and go away comforted - and he is a strong father. I can recall him saying "Never yield to a threat, Never Never Never ! "Should he be away for a few days ( it happens in frequently) all are aware of his absence and his return is like the return of current ofter a power cut. All faces light up for Father Gabriel. Trappadam has been a sensitive in faith. For weeks or months support would not come and we would worry but father had the quiet faith that God would provide, and always has. I can only thank God that we were able to meet and for his friendship and that we could work together for His Kingdom.

My sister - in - law Dorothy found her difficult in living in India. But father by his kindness redeemed her visit. She wrote with thankfulness of "dear dear Father Gabriel", and so summed up what Father means to us all.



www.malankaralibrary.com

# തൃപ്പാദവും ഫാദർ ഗബ്രിയേലും

**കെ.വി. സുരേന്ദ്രനാഥ്**
(Ex. M.P., തിരുവനന്തപുരം)

1980 -ലെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചരണം നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് നെടുമങ്ങാട് നഗരത്തിന്റെ ഒരു ഒതുങ്ങിയ മൂലയിൽപ്പെടുന്ന "തൃപ്പാദം" എന്ന കേന്ദ്രവും അതിന്റെ നാഥനായ ഫാ. ഗബ്രിയേൽ എന്ന വൈദിക ശ്രേഷ്ഠനേയും ആദ്യമായി കണ്ട് മുട്ടിയത്. നെടുമങ്ങാട് ബ്ലോക്ക് ആഫീസിന്റെ അരികിൽക്കൂടി തെക്കോട്ട് പോകുന്ന ഇടുങ്ങിയ റോഡിൽ ഓടുമേഞ്ഞ ഒരു ചെറിയ കെട്ടിടവും അതിന്റെ ഇടവും വലവുമായി ഓലമേഞ്ഞ മറ്റ് രണ്ട് മൂന്ന് കെട്ടിടങ്ങളുമുണ്ടായിരുന്നു. അഗതികളുടേയും, പ്രത്യേകിച്ച് വാർദ്ധക്യത്തിന്റെ എല്ലാവിധ വിഷമതകളും അനുഭവിക്കുന്ന ആളുകളുടെയും നല്ല ആരോഗ്യവും അദ്ധ്വാനിക്കാൻ സന്നദ്ധതയുമുള്ള നിരാലംബരായ സ്ത്രീ–പുരുഷന്മാരുടേയും തളിർത്തുവരുന്ന ഒരാശാകേന്ദ്രമായിരുന്നു ഈ "തൃപ്പാദം".

ഒരിക്കൽ ഫാ. ഗബ്രിയേലുമായി നിയമസഭാകാര്യങ്ങളൊക്കെപ്പറഞ്ഞിരിക്കവെ, ഇതിനു ശേഷം അകത്തുകയറി ഞങ്ങളുടെ പ്രവർത്തനമൊക്കെ ഒന്നുകാണണമെന്ന് ആ വൈദിക സുഹൃത്ത് എന്നോട് ആവശ്യപ്പെട്ടു. പ്രവർത്തനങ്ങൾ കാണാനായി അകത്തുകയറിയ ഞാൻ കണ്ടത്, ഒരു ഷെഡിൽ പത്തിരുപത് പെൺകുട്ടികൾ ചേർന്ന് ശ്രദ്ധാപൂർവ്വം "ആൽ" വൃക്ഷത്തിന്റെ വലിപ്പമുള്ള ഇലകളിൽ (വെള്ളത്തിൽ കുതിർത്ത ശേഷം ഉണക്കിയവ) ദൈവികവും അല്ലാത്തതുമായ ചിത്രങ്ങൾ വരയ്ക്കുന്നതാണ്. മറ്റൊരു വശത്ത് ഒരുകൂട്ടം ആളുകൾ സാമ്പ്രാണിത്തിരികൾ ഉണ്ടാക്കുകയായിരുന്നു. അതിന്റെ ചുറ്റിലും സുഗന്ധം വ്യാപിച്ചിരുന്നു. ചെറിയ തോതിലാണെങ്കിലും അല്പം നെയ്ത്തും ഉണ്ടായിരുന്നുവെന്നാണ് എന്റെ ഓർമ്മ. അവിടെ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വില്പനയും നടത്തിയിരുന്നു. ഷെഡുകളില്ലാതെ ബാക്കിയുള്ള പുരയിടത്തിൽ പലവിധം കായ്ഫലമുള്ള വൃക്ഷങ്ങൾ ശ്രദ്ധാപൂർവ്വം നട്ടുവളർത്തിയിരുന്നു. എനിക്ക് ഈ കാഴ്ചകളിൽ സന്തോഷം മാത്രമല്ല, അഭിമാനവും ഉണ്ടായി.

തിരുവനന്തപുരം മഹാഇടവകയുടെ



www.malankaralibrary.com

ആർച്ച് ബിഷപ്പും, ഞങ്ങളുടെയെല്ലാം ബഹുമാനപാത്രവും, അതുപോലെതന്നെ ഞങ്ങൾക്ക് അപ്രതീക്ഷിത സന്ദർഭങ്ങളിൽ സ്നേഹംതന്ന് ആശ്വസിപ്പിക്കുകയും ചെയ്തിരുന്ന കാലം ചെയ്ത മാർഗ്രിഗോറിയസ് തിരുമേനിയുടെ അർഹനായ പിൻതുടർച്ചക്കാരൻ എന്ന് ഫാ. ഗബ്രിയേലിനെക്കുറിച്ച് എനിക്ക് തോന്നുകയും ചെയ്തു.

അവസാനമായി നിരാലംബരായ വൃദ്ധന്മാർ കഴിച്ച് കൂട്ടുന്ന കെട്ടിടമാണ് കണ്ടത്. തങ്ങളുടെ ദുർവിധിയെ ശാസിച്ചും, ദൈവശാപമെന്ന് പുലമ്പിയും കഴിയുന്ന കാഴ്ചയ്ക്ക് നടുവിലാണ് എത്തിപ്പെട്ടത്. അവിടെ ആറടിയിലധികം ഉയരവും വെളുവെളുത്തനിറവുമുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. ഇയാൾ വൃദ്ധന്മാരുടേയെല്ലാം ഒരാശ്രയമായിരുന്നു. അയോളോട് അദ്ദേഹത്തിന്റെ വിവരങ്ങൾ തിരക്കിയപ്പോൾ 'പേര്, ടോം' എന്നു മാത്രം പറഞ്ഞു. സ്ഥലമോ മറ്റ് വിവരങ്ങളോ പറയാൻ അയാൾ തുനിഞ്ഞില്ല. ഈ കൂട്ടത്തിലുള്ളവർക്ക് രോഗംവന്നാൽ അവരെ, സ്വന്തം സൈക്കിളിലിരുത്തി തിരുവനന്തപുരത്തുള്ള ഏതെങ്കിലും ഗവൺമെന്റാശുപത്രികളിൽക്കൊണ്ടുപോയി ശുശ്രൂഷിച്ച് തിരികെക്കൊണ്ട് പോവുകയായിരുന്നു ഇദ്ദേഹത്തിന്റെ പ്രധാന കർത്തവ്യം. ഏതോ പാശ്ചാത്യരാജ്യത്തിൽ നിന്ന് ഡോളറിന്റേയോ പവന്റേയോ ഒരു വലിയ ഭാണ്ഡവുമായി മാഹാത്മ്യം പ്രദർശിപ്പിക്കാൻ വന്ന ഒരാളല്ല എന്നുള്ളത്, ടോമിന്റെ വേഷവും, മുഖഭാവവും, ശീലങ്ങളും, സർവ്വോപരി അദ്ദേഹത്തിന്റെ ഏക 'സമരായുധ'മായ തല്ലിപ്പൊളി സൈക്കിളും വിളിച്ചുപറയുന്നു.

കൊല്ലം ഇരുപത് കഴിഞ്ഞുവെങ്കിലും ടോമും ചരിത്രവസ്തുവായ അദ്ദേഹത്തിന്റെ സൈക്കിളും ഇന്നും ഓടുന്നു.

ഇന്നും ഉണ്ട്, ഇങ്ങനേയുള്ള കുറേ 'മനുഷ്യർ'.

1991-ൽ നിയമസഭാസ്ഥാനം അവസാനിച്ച ശേഷവും പലയോഗങ്ങളിലും പങ്കെടുക്കുന്നതിനായി ഞാൻ "തൃപ്പാദ"ത്തിലെത്താറുണ്ട്. ഓരോ തവണ എത്തുമ്പോഴും ഈ മനുഷ്യസ്നേഹത്തിന്റെ കേന്ദ്രം അനസ്യൂതമായി വളർന്നുകൊണ്ടിരിക്കുന്നത് കാണാൻ കഴിഞ്ഞു. ഇന്ന് പുറത്ത് നിന്ന് "തൃപ്പാദ"ത്തിലെത്തുന്ന ആളുകൾക്ക് പഴയകെട്ടിടങ്ങളെ 'കൊച്ചാക്കി'ക്കൊണ്ട് അന്തരീക്ഷത്തിൽ തലയുയർത്തി നിൽക്കുന്ന ഒരു 'മൂന്ന് നിലയുള്ള മാളിക' കാണാൻ കഴിയും. ഇതിൽ ഒരേ സമയം അഞ്ഞൂറോളം പേർക്ക് സസുഖം ഇരിയ്ക്കാൻ സ്ഥലമുള്ള ഒരു ഹാളുണ്ട്. താഴെയുള്ള നിലകളിലാണ് വിശാലമായ പ്രാർത്ഥനാമുറികളും, ആഫീസ്മുറികളും.

ഇതിന്റെയെല്ലാം കടിഞ്ഞാണായി, വിജയം ഉറപ്പിച്ചുകൊണ്ട്, സുസ്മേരവദനനായി മുന്നിൽ നിൽക്കുന്നത് ഫാ. ഗബ്രിയേലാണ്. പ്രായം അദ്ദേഹത്തെ തളർത്തിയിട്ടില്ല.

തൃപ്പാദത്തിന്റെ ഏറ്റവും പ്രാധാന്യമേറിയ ഒരു മേന്മ, ഇവിടെ ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീം എന്നുള്ള പത്യേക പരിഗണനകളില്ല എന്നുള്ളതാണ്.

അബലർക്കാലംബമായ ഈ 'സ്നേഹസ്ഥാപനം' ഇനിയും വേഗത്തിൽ വളരട്ടെ..!



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com